# അൽമായവേദി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ മുഖപത്രം

പുസ്തകം 1 | ലക്കം 10 | ഒക്ടോബർ 1–31 | പേജ് 8


## പരുമല തിരുമേനി എന്ന സാമൂഹ്യ പരിഷ്ക്കർത്താവ്

**തോമസ് ചാണ്ടി**

പരിശുദ്ധനായ പരുമലതിരുമേനിയുടെ ജീവിതത്തിൽ പ്രാർത്ഥന-നോമ്പ്-ഉപവാസം എന്നിവയ്ക്കുള്ള സ്ഥാനം വളരെയേറെ ചർച്ച ചെയ്യപ്പെടുകയും അറിയപ്പെടുകയും ചെയ്തിട്ടുള്ളവയാണ്. എന്നാൽ ആ മഹദ് വ്യക്തിത്വത്തിന്റെ മറ്റു തലങ്ങൾ അത്രയും തന്നെ ശ്രദ്ധാപൂർവ്വം പഠിക്കുവാനുള്ള ശ്രമങ്ങൾ നടന്നിട്ടില്ല. തിരുമേനിയുടെ ജീവിതത്തിലെ ഏറ്റം പ്രാധാന്യമേറിയ ഭാഗം പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയുമുള്ള ദൈവിക സംസർഗ്ഗമാണെന്നുള്ളതിന് സംശയമില്ല. പക്ഷേ ആ വ്യക്തിത്വത്തിന്റെ ഇതര തലങ്ങളെയും പഠിക്കാതെയും മനസ്സിലാക്കാതെയുമിരുന്നാൽ തിരുമേനിയെ പൂർണ്ണമായി ഉൾക്കൊള്ളുവാൻ സാദ്ധ്യമല്ല. പരിശുദ്ധന്മാരായ വ്യക്തികൾ ലോകസംബന്ധിയായ കാര്യങ്ങളിൽ നിന്നും വിമുക്തരായിരിക്കുക എന്നാൽ യാഥാർത്ഥ്യങ്ങൾക്ക് നേരെ കണ്ണടയ്ക്കുക എന്നല്ല അർത്ഥമെന്ന് സ്വന്തം ജീവിതം കൊണ്ട് തെളിയിച്ച മഹാത്മാവാണ് പരുമല തിരുമേനി. സമൂഹത്തിലെ യാതനയനുഭവിക്കുന്ന ജനങ്ങൾക്കായി പ്രവർത്തിക്കുക, ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുവാനുള്ള വഴികളിലേക്ക് അവരെ നയിക്കുക എന്നീ മഹദ് പ്രവർത്തനങ്ങൾ സാമൂഹികമായ ഇടപെടലുകളിലൂടെ നടത്തിയിട്ടുള്ള ആ മഹാ പരിശുദ്ധൻ ആത്മീയതയെന്നാൽ പ്രതലയാഥാർത്ഥ്യങ്ങളിൽ നിന്നും വിട്ടുനിൽക്കുകയല്ല, അവയെ ഫലപ്രദമായും ദൈവാത്മപ്രേരിതമായും അഭിമുഖീകരിക്കുക എന്നതാണ് യഥാർത്ഥ ക്രൈസ്തവ ധർമ്മമെന്ന് പഠിപ്പിക്കുകയാണ് ചെയ്യുന്നത്.



ദളിതരുടെ ഉദ്ധാരണത്തെക്കുറിച്ച് ലോകം കേൾക്കുന്നതിനു മുൻപേ അതിനായി പ്രവർത്തിച്ചയാളാണ് പരുമലതിരുമേനി. ഊർശ്ലേം യാത്രയ്ക്ക് ശേഷം മടങ്ങിവന്ന സമയം പരുമലപള്ളിയിൽ കൂടിയിരുന്നവരോട് നടത്തിയ പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു: 'താഴ്ന്ന ജാതിക്കാരെന്നു പറഞ്ഞുവരുന്ന പുലയർ മുതലായവർക്കു രാജപാതയിൽ സഞ്ചാരമോ സമസ്യഷ്ടങ്ങളോടുള്ള അടുപ്പമോ സാദ്ധ്യമല്ലാതെയാണ് ഇരിക്കുന്നത്. ഈ സാധുക്കൾക്ക് സത്യമായ ദൈവവിശ്വാസം ഉണ്ടാകേണ്ടതും അവരുടെ കഷ്ടപ്പാടുകൾ തീർക്കേണ്ടതും അവർക്ക് അറിവുണ്ടാക്കി കൊടുത്ത് അവരെ പാപങ്ങളിൽ നിന്നും കുറ്റങ്ങളിൽ നിന്നും രക്ഷിക്കേണ്ടതും നമ്മുടെ മുഖ്യമായ കർത്തവ്യമാകുന്നു.'

ദളിത-പിന്നോക്ക വിഭാഗത്തിൽപെട്ട ജനങ്ങൾക്ക് മനുഷ്യാവകാശങ്ങൾ പോലും നിഷിദ്ധമായിരുന്ന ആ കാലഘട്ടത്തിന്റെ സ്ഥിതിയുമായി തട്ടിച്ചുനോക്കുമ്പോൾ ഏറ്റവും വിപ്ലവകരമായ ഒരു കാഴ്ചപ്പാടാണിത്.

*(ശേഷം 2-ാം പേജിൽ)*

## മലങ്കര ആഘോഷിച്ച അസ്സോസിയേഷൻ യോഗം

**പരുമല, ഒക്ടോബർ 12:** മലങ്കരസഭയുടെ ചരിത്രത്തിലെ ഏറ്റവും വർണ്ണശബളാഭമായ അസ്സോസിയേഷൻ യോഗം പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായെ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കുന്ന നടപടിക്രമങ്ങൾ പൂർത്തീകരിക്കയും 2007 മാർച്ചിൽ രൂപംകൊള്ളുന്ന മാനേജിംഗ് കമ്മറ്റിയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുകയും ചെയ്തു. സഭയിലെമ്പാടും ദൃശ്യമാകുന്ന നവോത്ഥാനത്തിന്റെ അലയടികളുയർത്തിയ ഈ മഹാസമ്മേളനം അനവധി കാരണങ്ങളാൽ ശ്രദ്ധേയമായിരുന്നു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ നാലായിരത്തോളം പ്രതിനിധികൾ തികഞ്ഞ അച്ചടക്കത്തോടും ഒത്തൊരുമയോടും കൂടി തങ്ങളുടെ ഭാവി നായകനെ തിരഞ്ഞെടുത്തത് ആഹ്ലാദഭരിതമായ മുഖഭാവത്തോടും ആവേശം മുറ്റി നിന്ന മനസ്സോടും കൂടിയായിരുന്നു. പരുമലപള്ളിയിലെ പ്രാർത്ഥനാനന്തരം മലങ്കര മെത്രാപ്പോലീത്തായുടെ സ്ഥാനവസ്ത്രങ്ങളണിഞ്ഞ പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവായും മെത്രാപ്പോലീത്താമാരും പതാകയേന്തിയ മാനേജിംഗ് കമ്മറ്റിയംഗങ്ങളാൽ അനുഗതരായി ആഘോഷപൂർവ്വം യോഗപ്പന്തലിലേക്ക് പ്രവേശിച്ചു. പ. ബാവാതിരുമേനിയുടെ പ്രാർത്ഥനയ്ക്ക് ശേഷം അസ്സോസിയേഷൻ സെക്രട്ടറി നോട്ടീസ് കല്പന വായിച്ചു. അദ്ധ്യക്ഷനായ മലങ്കര മെത്രാപ്പോലീത്താ പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവായുടെ ഉപക്രമ പ്രസംഗത്തെ തുടർന്ന് ഫാ. ടി. ജെ. ജോഷ്വാ ധ്യാന പ്രഭാഷണം നടത്തി. ശ്രേഷ്ഠ നിയുക്ത കാതോലിക്കാ സ്ഥാനത്തേക്ക് സാധുവായ ഒരു നോമിനേഷൻ മാത്രം നിലവിലുള്ളതിനാൽ കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്താ പൗലൂസ് മാർ മിലിത്തിയോസിനെ തൽസ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കുന്ന പ്രമേയം അസ്സോസിയേഷൻ സെക്രട്ടറി അലക്സാണ്ടർ കാരക്കൽ മാനേജിംഗ് കമ്മറ്റിക്കു വേണ്ടി അവതരിപ്പിക്കുകയും പ്രസ്തുത പ്രമേയം അംഗീകരിച്ചതായി അദ്ധ്യക്ഷസ്ഥാനത്തു നിന്ന് പ. ബാവാ പ്രഖ്യാപിക്കുകയും ചെയ്തു. അംഗങ്ങൾ ഒന്നടങ്കം കരഘോഷം മുഴക്കി ആഹ്ലാദം പ്രകടിപ്പിച്ചു. "കാതോലിക്കാ സിംഹാസനം നീണാൾ വാഴട്ടെ" എന്ന് പ്രതിനിധികൾ ആവേശപൂർവ്വം വിളിച്ചുപറയുന്ന ശബ്ദം അന്തരീക്ഷത്തിൽ ഏതാനും മിനിട്ടുകൾ അലയടിച്ചു. ശ്രേഷ്ഠ നിയുക്ത കാതോലിക്കാ, പ. ദിദിമോസ് ബാവായുടെ കാലടികളിൽ തൊട്ട് വണങ്ങുകയും പ. ബാവാ തന്റെ പിൻഗാമിയെ ആശ്ലേഷിക്കുകയും ചെയ്ത നിമിഷങ്ങൾ പ്രതിനിധികളെ കോൾമയിർ കൊള്ളിച്ചു. തുടർന്ന് പ. ബാവാ പിൻഗാമിയെ സ്ഥാനചിഹ്നങ്ങൾ അണിയിക്കുകയും ആശ്ലേഷിക്കുകയും രണ്ടാം സ്ഥാനത്തുള്ള കസേരയിൽ ഇരുത്തുകയും ചെയ്തു.

തുടർന്ന് 2007 മാർച്ചിൽ പുനഃസംഘടിപ്പിക്കപ്പെടുന്ന മാനേജിംഗ് കമ്മറ്റിയുടെ അംഗസംഖ്യ 159 ആയി നിശ്ചയിക്കുന്ന പ്രമേയം അസ്സോസിയേഷൻ സെക്രട്ടറി അലക്സാണ്ടർ കാരക്കൽ അവതരിപ്പിക്കുകയും ഏകകണ്ഠമായി യോഗം അംഗീകരിക്കുകയും ചെയ്തു. പുതിയ മാനേജിംഗ് കമ്മറ്റിയിൽ തിരഞ്ഞെടുക്കപ്പെട്ട 106 അയ്മേനികളും 53 പട്ടക്കാരുമാണ് ഉണ്ടായിരിക്കുക. തിരഞ്ഞെടുക്കപ്പെടുന്ന 86 അയ്മേനികളും 43 പട്ടക്കാരും നോമിനേറ്റ് ചെയ്യപ്പെടുന്ന 20 അയ്മേനികളും 10 പട്ടക്കാരും ചേർന്നതാവും 2007 മാർച്ചിൽ രൂപീകരിക്കപ്പെടുന്ന മാനേജിംഗ് കമ്മറ്റിയുടെ ഘടന. വൈദികട്രസ്റ്റി ഫാ. ഡോ. ഒ. തോമസ് കൃതജ്ഞത പ്രകാശിപ്പിച്ചതോടെ അസ്സോസിയേഷൻ നടപടികൾ സമാപിച്ചു.

തുടർന്നു നടന്ന അനുമോദനയോഗത്തിൽ സീനിയർ മെത്രാപ്പോലീത്താ അഭി. ഗീവർഗീസ് മാർ ഒസ്താത്തിയോസ് അദ്ധ്യക്ഷത വഹിച്ചു.

## കാതോലിക്കേറ്റിന്റെ ഭരണസ്ഥിരത

**ഫാ. ഡോ. ജേക്കബ് കുര്യൻ**

(വൈസ് പ്രിൻസിപ്പാൾ, ഓർത്തഡോക്സ് സെമിനാരി)

ഭാരതത്തിന് ഒന്നാം നൂറ്റാണ്ടു മുതൽ അവകാശപ്പെടാവുന്ന തനതായ ഒരു ക്രിസ്തീയ പാരമ്പര്യമുണ്ടെന്നുള്ളത് അത്ര ചെറിയ സംഗതിയൊന്നുമല്ല. തദ്ദേശീയമായ ഈ ക്രൈസ്തവ പൈതൃകത്തെയാണ് നസ്രാണിമാർഗ്ഗമെന്ന് വിശേഷിപ്പിക്കുന്നത്. നസ്രാണിമാർഗം, തോമാമാർഗം എന്നൊക്കെ അറിയപ്പെടുന്നത് ഒരു സാംസ്കാരികത്തനിമയെത്തന്നെയാണ്. ഈ സാംസ്കാരികത്ത നിമയിൽ വിശ്വാസം, ആചാരം, സമൂഹവ്യവസ്ഥിതി, ഭരണസംവിധാനം മുതലായവ ഉൾക്കൊണ്ടിരുന്നു. പ്രസ്തുത സംഗതികളെക്കുറിച്ച് പൊതുവിലും, മലങ്കര ഓർത്തഡോക്സു സഭയുടെ ഇക്കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളുടെ ചരിത്ര പശ്ചാത്തലത്തിലും, ഗവേഷണ പഠനം നടത്തുന്ന എം. കുര്യൻ തോമസിന്റെ "നസ്രാണി പഠനങ്ങൾ" എന്ന ഈ ലേഖനസമാഹാരം അതിശ്രദ്ധേയമാണ്.

ഒരു ചരിത്ര വിദ്യാർത്ഥിയെന്ന നിലയിൽ മൂന്ന് അതുല്യ സംഭാവനകളാണ് എം. കുര്യൻ തോമസിൽ നിന്ന് ഭാരത ക്രൈസ്തവ സംസ്കാരത്തിന് ലഭിച്ചിരിക്കുന്നത്.

1. നഷ്ടപ്പെട്ടു പോകുമായിരുന്ന ചില ചരിത്രരേഖകളെ വീണ്ടെടുത്ത് അവയുടെ ചരിത്രപരമായ പ്രാധാന്യം വെളിപ്പെടുത്തി (ഉദാ. ആർത്താറ്റ് പടിയോല).

2. അപ്രധാനമെന്ന് തോന്നാവുന്ന ചില ചരിത്രസംഭവങ്ങളെ ചരിത്ര പശ്ചാത്തലത്തിൽ വിലയിരുത്തി അവയുടെ നിർണ്ണായക പ്രാധാന്യം എടുത്തുകാട്ടി (ഉദാ. വെളിയനാട് സുന്നഹദോസ്).

3. മലങ്കരസഭാ ഭരണസംവിധാനത്തിൽ ഏകനായകത്വമുള്ള മലങ്കര മെത്രാനിൽ നിന്ന്, ജനായത്ത വ്യവസ്ഥിതിക്കുള്ളിലെ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും എന്ന സ്ഥാനത്തേക്കുള്ള പരിണാമത്തിന്റെ സൂചനകൾ സൂക്ഷ്മമായി വിലയിരുത്തിത്തരുന്ന ആദ്യ ഉദ്യമം.

മേല്പറഞ്ഞവയിൽ മൂന്നാമത്തെ കാര്യത്തെക്കുറിച്ചുള്ള ഒരു നിരീക്ഷണം ഇവിടെ ഉദ്ധരിക്കുന്നത് ഈ വിഷയത്തിൽ ഗൗരവതരമായ വിലയിരുത്തലിന് സമയമായതുകൊണ്ടാണ്:

"മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഇല്ലാതാക്കുന്നതിന് (കാതോലിക്കാ സ്ഥാനത്തിന്റെ ആവിർഭാവത്തോടെ - ലേഖകൻ) പല വൈഷമ്യങ്ങൾ നേരിട്ടു. ചരിത്രപരമായ മലങ്കര സഭാദ്ധ്യക്ഷൻ സ്ഥാനം ഇല്ലാതാക്കുന്നതിന്റെ നിയമപരമായ തടസങ്ങൾ ഒരു വശത്തും, മലങ്കരയുടെ ഏകത്വത്തിന്റെയും സ്വാധികാരത്തിന്റെയും പ്രതീകമായ ഈ സ്ഥാനം ഇല്ലാതാകുന്നതിൽ നസ്രാണിക്കുള്ള മാനസിക വിയോജിപ്പ് മറുവശത്തും ഇതിനെതിരെ സമ്മർദ്ദമുയർത്തി.

ഈ പ്രശ്നം പരിഹരിച്ചാണ് 1934-ൽ ഭരണഘടന പാസാക്കിയത്. അതനുസരിച്ച് പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും അധികാരങ്ങൾ പ്രത്യേകം നിർവചിക്കുകയും എന്നാൽ രണ്ടു സ്ഥാനങ്ങളും ഒരു വ്യക്തി തന്നെ വഹിക്കണമെന്ന് അനുശാസിക്കുകയും ചെയ്തു. മലങ്കരയിലെ കാതോലിക്കാ സ്ഥാനത്തിന് സ്ഥിരത വന്നത് ഭരണഘടന പാസാക്കിയതോടെയാണെന്നു പറയുന്നതിൽ തെറ്റില്ല" ("മലങ്കരയിലെ കാതോലിക്കേറ്റിന്റെ പ്രസക്തി" എന്ന ലേഖനം. ഇതേ പുസ്തകം).

ഈ നിരീക്ഷണത്തിലെ സുപ്രധാനമായ രണ്ടു സംഗതികൾ താഴെപ്പറയുന്നു:

1. മലങ്കര മെത്രാപ്പോലീത്താ സ്ഥാനം, കാതോലിക്കാ സ്ഥാനത്തിൽ ലയിച്ചു പോകുവാൻ മലങ്കര നസ്രാണി പാരമ്പര്യം ഇഷ്ടപ്പെട്ടില്ല. പക്ഷെ രണ്ടു സ്ഥാനങ്ങളും രണ്ടു വ്യക്തികൾ വഹിക്കുന്നതിലെ അപകടങ്ങളും അവർ തിരിച്ചറിഞ്ഞു.

2. 1912 മുതൽ 1934 വരെയുള്ള കാതോലിക്കാ സ്ഥാപനത്തിന്റെ അവസ്ഥയെ സംബന്ധിച്ചു നിലനിന്ന അവ്യക്തത പരിഹരിച്ച് 1934-ൽ ഭരണഘടന പാസാക്കിയ തോടെ കാതോലിക്കാസ്ഥാനത്തിന് സുസ്ഥിരത കൈവന്നു.

ഈ രണ്ടു സംഗതികളും ഒരു പുനർവിചിന്തനത്തിന് സമർപ്പിക്കപ്പെടണം എന്നാണ് ഈ ലേഖകന്റെ അഭിപ്രായം. മലങ്കര മെത്രാപ്പോലീത്താ സ്ഥാനം അഭംഗം തുടരുവാൻ യഥാർത്ഥത്തിൽ ആഗ്രഹിച്ചത് നസ്രാണി പാരമ്പര്യമായിരുന്നോ അതോ, മലങ്കര മെത്രാന്റെ ഏകനായകത്വം രുചിച്ചുപോയിരുന്ന മലങ്കര മെത്രാൻ സ്ഥാനികളോ സ്ഥാനമോഹികളോ ആയിരുന്നോ? 1934-ൽ ഭരണഘടന പാസാക്കിയതോടെ കാതോലിക്കാസ്ഥാനത്തിന് സുസ്ഥിരത വന്നുവെങ്കിൽ നാളിതുവരെ കാതോലിക്കാ - സിനഡ് കൂട്ടുത്തരവാദിത്തം പ്രാവർത്തികമാകാതെ വന്നതെന്തുകൊണ്ട്? പകരം, കാതോലിക്കാമാർ തന്നെ, "മലങ്കര മെത്രാപ്പോലീത്താ" യുടെ അധികാരാവകാശത്തിന് എന്തുകൊണ്ട് ഊന്നൽ നൽകി? യഥാർത്ഥത്തിൽ, കാതോലിക്കാ സ്ഥാപനത്തിന് ഒരു സുസ്ഥിരത ഇതുവരെയും ഉണ്ടായിട്ടുണ്ട് എന്ന് തോന്നുന്നില്ല. ഉണ്ടാകണമെങ്കിൽ, സിനഡ്, വർ

*(ശേഷം 2-ാം പേജിൽ)*

## പുതുപ്പള്ളി പള്ളി 'പൗരസ്ത്യ ജോർജിയൻ തീർത്ഥാടനകേന്ദ്രം'

പുതുപ്പള്ളി: ചരിത്രപ്രസിദ്ധമായ പുണ്യപുരാണ ക്രൈസ്തവ തീർത്ഥാടന കേന്ദ്രമായ പുതുപ്പള്ളി പള്ളിയെ പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ തന്റെ ശ്ലൈഹിക അധികാരകേന്ദ്രമായ പൗരസ്ത്യ ദേശത്തെ ഗീവർഗീസ് സഹദായുടെ തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിച്ചു. ഇതോടെ ഈ പദവി ലഭിക്കുന്ന പൗരസ്ത്യദേശത്തെ പ്രഥമ പള്ളിയായി പുതുപ്പള്ളി മാറി.

പരിശുദ്ധനായ സഭാഭാസുരൻ വട്ടശ്ശേരിൽ തിരുമേനി തന്റെ മർദ്ദീൻ യാത്രയിൽ പുതുപ്പള്ളിപള്ളിക്കായി കൊണ്ടുവന്ന വി. സഹദായുടെ തിരുശേഷിപ്പ് (അസ്ഥി) പള്ളി പുനരുദ്ധീകരണശേഷം പ. മാത്യൂസ് ദ്വിതീയൻ ബാവാ പുതുപ്പള്ളിപ്പള്ളിയിൽ പ്രതിഷ്ഠിച്ചു. ഇന്ന് ഈ പള്ളി മലങ്കരയിലെ ഗീവർഗീസ് സഹദായുടെ ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രമാണ്.

സഭയുടെ ചരിത്രത്തിലെ നിർണ്ണായക ഘട്ടങ്ങളിൽ വഴിത്തിരിവുകൾക്ക് വഴി തുറന്നതും ഈ പുണ്യസങ്കേതത്തിൽനിന്നാണ്. ഒക്ടോബർ 12-ാം തീയതി മലങ്കര അസോസിയേഷന്റെ വിജയകരമായ നടത്തിപ്പിനു ശേഷം പ. ദിദിമോസ് ബാവായേയും, ശ്രേഷ്ഠ നിയുക്ത ബാവായേയും പതിനായിരങ്ങളുടെ അകമ്പടിയോടെ ഹംസരഥത്തിൽ വാദ്യമേളങ്ങളോടെയും ആചാരവെടികൾ മുഴക്കിയും പുതുപ്പള്ളിപ്പള്ളിയുടെ നേതൃത്വത്തിൽ സ്വീകരിച്ച് സഭയുടെ നവോത്ഥാനത്തിനു നാന്ദി കുറിച്ചു. സഭയുടെ ചരിത്രത്തിന്റെ നാഴികക്കല്ലാണ് പുതുപ്പള്ളിപ്പള്ളി എന്ന് ഒരിക്കൽ കൂടി വി. സഹദാ വെളിപ്പെടുത്തി.

സഭയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി നിലകൊണ്ട പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ്, സഭയുടെ ആരാധനാക്രമത്തിന്റെ തനിമ നിലനിർത്തിയ നരിമറ്റത്തിൽ യൂഹാനോൻ മാർ സേവേറിയോസ് എന്നീ പിതാക്കന്മാരും മലങ്കരയുടെ മഹാചരിത്രകാരൻ ഇസ്സഡ്. എം. പാറേട്ടും, ഇന്ന് ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ഗതിവിഗതികളെ നിയന്ത്രിക്കാൻ കഴിവുള്ള പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻചാണ്ടിയും പുതുപ്പള്ളിപ്പള്ളി ഇടവകാംഗങ്ങളാണ്.

# പ. പരുമല തിരുമേനിയുടെ ദേഹ വിയോഗവും കബറടക്കവും

**വാകത്താനം ഗീവർഗീസ് റമ്പാൻ**
**(പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാബാവാ)**

1078 കന്നിമാസം 17-ന് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായ്ക്ക് ദീനം അത്യന്തമെന്ന് അത്താനാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് കമ്പി വന്നു. പരുമലയ്ക്കു പുറപ്പെടുവാൻ തിരുമനസ്സിലേക്ക് സുഖമില്ലാഴികയാൽ പോകുന്നില്ലെന്നു വയ്ക്കയും, ഗീവറുഗീസു റമ്പാച്ചൻ പോകുന്നതിന് അനുവദിയ്ക്കയും ചെയ്തു. ഉടനെ ഗീവറുഗീസു റമ്പാച്ചൻ അകപ്പറമ്പു പള്ളിയിൽ താമസിച്ചിരുന്ന കൊച്ചു പൗലോസു റമ്പാച്ചന്റെ പേർക്ക് വിവരത്തിന് എഴുതി അയക്കയും, അദ്ദേഹം 18-ന് പറവൂർ വന്നുചേരുകയും, അദ്ദേഹവും ഒരുമിച്ച് അന്നു തന്നെ യാത്ര പുറപ്പെട്ട് 21-ന് പരുമല എത്തി തിരുമേനിയെ കണ്ടു. ദീനം എത്രയും കൂടുതൽ ആയിരുന്നു.

22-ന് ഗീവറുഗീസു റമ്പാച്ചൻ കുർബ്ബാന ചൊല്ലുകയും, പാമ്പാക്കുട മല്പാനച്ചൻ തിരുമേനിയുടെ സുഖക്കേടിനെപ്പറ്റി പ്രസംഗിക്കയും, എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കയും ചെയ്തു. തിരുമേനി കഴിഞ്ഞുപോയി എന്ന് എല്ലാവരും വിചാരിച്ചുപോകയും, വിവരം മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായോട് അറിയിച്ചതിൽ വളരെ വ്യസനിച്ച് നിലവിളിക്കയും ചെയ്തു എങ്കിലും അന്നേ ദിവസം ഒന്നും നടന്നില്ല.

25-ന് കണ്ടനാട്ടു ഇടവകയുടെ ഈവാനിയോസ് മെത്രാപ്പോലീത്തായും വന്നു ചേർന്നു. 29-ന് അദ്ദേഹം കുർബ്ബാന ചൊല്ലി. വട്ടശ്ശേരി മല്പാനച്ചൻ പ്രസംഗിക്കുകയും, എല്ലാവരും പ്രത്യേകം സങ്കടത്തോടെ പ്രാർത്ഥിക്കയും ചെയ്തു. തുലാ മാസം 6-ന് ടി. തിരുമേനി കുർബ്ബാന ചൊല്ലുകയും സ്ലീബാ ശെമ്മാശൻ പ്രസംഗിക്കയും ചെയ്തു. 13-ന് തിരുമേനി കുർബ്ബാന ചൊല്ലി മട്ടക്കലച്ചൻ പ്രസംഗിച്ചു. 15-ന് പാലക്കുന്നത്തു കൊച്ചു തീത്തോസ് മെത്രാൻ പരുമല വന്നു തിരുമേനിയുടെ ദീനം കണ്ട് തിരിച്ചുപോയി.

20 ന് വല്യ പൗലോസ് റമ്പാച്ചൻ കുർബ്ബാന ചൊല്ലി തിരുമനസ്സിലേക്കും, ശു. കുർബ്ബാന കൊടുത്തു. തിരുമനസ്സിലെ ദീനം ഇതുവരെയായിട്ടും ഒരു കുറവും കണ്ടില്ല. നാട്ടു വൈദ്യൻമാരും അപ്പോത്തിക്കിരികളുമായി അനേകം പേരുടെ ചികിത്സകൾ കഴിച്ചു. എങ്കിലും ദൈവഹിതം തടുക്കുവാൻ കഴിയാകയാൽ ഉച്ചകഴിഞ്ഞ് തിരുമനസ്സിലെ അപേക്ഷപ്രകാരം കന്തീലായുടെക്രമം ഈവാനിയോസ് മെത്രാപ്പോലീത്താ നാലു റമ്പാച്ചന്മാരുടെ കൂടെയും പല പട്ടക്കാരോടു കൂടെയും കഴിച്ചു. രാത്രി 12 മണിക്ക് കർത്താവിൽ തന്റെ ജീവനെ ഭരമേല്പിച്ചു. ഉടനെ എടുത്ത് കസേരയിൽ ഇരുത്തി ദേഹം ചൂടു വെള്ളം കൊണ്ട് ശുദ്ധിവരുത്തി തന്റെ സ്ഥാനവസ്ത്രങ്ങൾ ധരിപ്പിച്ച് പള്ളിയിൽ അഴിക്കകത്ത് പടിഞ്ഞാറോട്ട് മുഖമായി ഇരുത്തി "കൊഹനെയിക്ക് നെൽ ബ്ശൂൻ" ചൊല്ലിയ ശേഷം അനുതാപത്തിന്റെ ഏഴ് മസുമൂറും എത്തിച്ചു. പിന്നെ പുലരുന്നത് വരെയും മസ്മൂറുകൾ വായിച്ചുകൊണ്ടിരുന്നു.

അതികാലത്തെ പ്രാർത്ഥനയും കുർബ്ബാനയും കഴിച്ച് കൊഹനൈത്തായിൽ ഒരു തെശുമെശുത്തായും എത്തിച്ച് താഴെ നിന്നും മദ്ബഹായിൽ കേറ്റി പടിഞ്ഞാട്ടു മുഖമായി ഇരുത്തി. പിന്നെ 11 മണിക്കും 3 മണിക്കും രണ്ട് തെശുമെശ്ത്തായും തികച്ച് രാത്രി മുഴുവൻ മസുമൂറാകൾ വായിച്ചുകൊണ്ടിരുന്നു. 22-നു കാലത്തെ പ്രാർത്ഥനയും ഗീവറുഗീസ് റമ്പാന്റെ കുർബ്ബാനയും കഴിഞ്ഞ് ഒരു തെശ്മെശ്ത്താ കൂടി കഴിച്ചു. പിന്നെ 10 മണിക്ക് 2 തെശ്മെശ്ത്തായും വായനകളും കഴിച്ച്, കിഴക്കോട്ട് മുഖമായി പൊക്കി ഈവാനിയോസ് മെത്രാപ്പോലീത്താ, തിരുമനസ്സിലെ മുഖത്ത് മൂന്നു പ്രാവശ്യം ധൂപം വയ്ക്കയും പുശ്ബശ്ലോമ ചൊല്ലുകയും, പിന്നെ പടിഞ്ഞാട്ടു മുഖമായും, വടക്കോട്ട് മുഖമായും, തെക്കോട്ട് മുഖമായും പൊക്കി പുശുബശ്ലോമോ ചൊല്ലുകയും ചെയ്തശേഷം, ഹൈക്കലായിൽ പടിഞ്ഞാറേ അറ്റത്തു കൊണ്ടുവന്ന് കിഴക്കോട്ട് മുഖമായും, വടക്കേ വാതുക്കലും, തെക്കേ വാതുക്കലും, പുശ്ബശ്ലോമോ ചൊല്ലി പടിഞ്ഞാറെ വാതിൽക്കൽ ഇറക്കി നഗരി കാട്ടുവാൻ കൊണ്ടുപോയി. പടിഞ്ഞാറെ അറ്റത്തുവച്ചും കിഴക്കോട്ട് മുഖമായി പൊക്കി പുശ്ബശ്ലോമോ ചൊല്ലി കിഴക്കോട്ട് കൊണ്ടുവന്ന് സിമ്മനാരിയുടെ റാന്തയിൽ പടിഞ്ഞാട്ടു മുഖമായി ഇരുത്തി. എല്ലാവരും കൈമുത്തിന്നാരംഭിച്ചു.

ആയതു കഴിഞ്ഞ് പള്ളിയകത്തു കേറ്റി തെക്കേ വാതിൽക്കൽ കൂടി പുറത്തിറക്കി കിഴക്ക് വശത്തു കൂടി വന്ന് വടക്ക് വശത്ത് കബറുങ്കൽ വന്നു പ്രാർത്ഥനയും കഴിച്ച് കുഴിയിൽ ഇരുത്തി എല്ലാവരും കുന്തിരിക്കവും കുഴിയിൽ മുക്കാൽ ഭാഗത്തോളം നിറച്ചു. "മേൽപ്പട്ട ഉയരങ്ങളിൽ" എന്നതും കൊഹനൈയ്ക്ക് നെൽബശൂൻ എന്നതും ചൊല്ലി കുഴി മൂടി. ഈവാനിയോസു മെത്രാപ്പോലീത്തായുടെ പ്രസംഗവും കഴിഞ്ഞ് പള്ളിയകത്ത് പ്രവേശിച്ച് കാണിക്കയിടീലും നടത്തി ജനക്കൂട്ടം പിരിയുകയും ചെയ്തു.

ഇദ്ദേഹം കൊച്ചീ സംസ്ഥാനത്തു മുളന്തുരുത്തി കണ്ടനാട്ടു ഇടവകകളിൽ കൂടുന്ന ചാത്തുരുത്തി കുടുംബത്തിൽ കൊല്ലം 1023-ൽ ജനിച്ചു. ഇദ്ദേഹം ബാലനായിരുന്നപ്പോൾ തന്നെ ദൈവഭക്തിയിൽ വളരുകയും ഒരു നല്ല കൊച്ചൻ എന്ന് എല്ലാവരാലും പേർ വിളിയ്ക്കപ്പെടുകയും ചെയ്തു. ശെമ്മാശു പട്ടവും കത്തനാരു പട്ടവും കഴിഞ്ഞുപോയ കുറിലോസു ബാവായിൽനിന്ന് കൈക്കൊണ്ട് മേൽപ്പറഞ്ഞ രണ്ട് പള്ളിയിലും ഒരു ഇടവക പട്ടക്കാരന്റെ ജോലി നോക്കിവരുമ്പോൾ അന്തോനീസ് മുതലായ പ്രാചീന സന്യാസികളുടെ ജീവചരിത്രങ്ങളും സന്യാസവ്രതത്തിന്റെ മാഹാത്മ്യങ്ങൾ വിവരിക്കുന്ന ചില സുറിയാനിപ്പുസ്തകങ്ങളും വായിച്ച് കാൺമാൻ ഇടയാവുകയും, അതു മുതൽ തനിക്കും ലോകസംബന്ധമായ സകല ബന്ധവും ഒഴിച്ച് ഒരു സന്യാസിയായി ജീവിക്കണമെന്ന് ആഗ്രഹം ജനിക്കയും ഈ ആഗ്രഹത്തെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ ഗ്രഹിപ്പിക്കയും ചെയ്തയുടനെ അദ്ദേഹം സന്തോഷിച്ച് റമ്പാച്ചനായി വാഴിച്ചു.

അതുമുതൽ ഇദ്ദേഹം മുളന്തുരുത്തി പള്ളിയിൽ നിന്നും കിഴക്കുള്ള വെട്ടിക്കൽ ദയറായിൽ സ്ഥിരതാമസമാക്കി. അവിടെ പ്രാർത്ഥനയിലും ധ്യാനത്തിലും വേദപുസ്തക വായനയിലും ഒരു പൂർണ്ണസന്യാസിയുടെ നിലയിൽ താമസിച്ചിരുന്നു. ഇങ്ങനെ ഇരിക്കെ കഴിഞ്ഞുപോയ അന്ത്യോഖ്യാ പാത്രിയർക്കീസു ബാവാ മലയാളത്തേക്ക് എഴുന്നെള്ളുകയും, ഉടനെ അദ്ദേഹം തിരുസന്നിധിയിൽ എത്തുകയും, ബാവായ്ക്കു വളരെ പ്രീതിതോന്നി സിക്രട്ടറി ആയി താമസിപ്പിക്കയും ചെയ്തു. പിന്നീട് ഇദ്ദേഹം ബാവായോട് കൂടെ മലങ്കരയുള്ള പല പള്ളികളിലും സഞ്ചരിക്കയും അനേകം യോഗ്യന്മാരുടെ സഖിത്വവും പ്രീതിയും സമ്പാദിക്കയും ചെയ്തു. ബാവാ മലങ്കരയുള്ള പള്ളികളെ ഏഴ് ഇടവകകളായി ഭാഗിച്ച് അവയെ ഭരിക്കുന്നതിന് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ കൂടാതെ 6 നാട്ടു മെത്രാന്മാരെ വാഴിക്കണമെന്ന് നിശ്ചയിച്ചതിൽ ഒരാൾ ഇദ്ദേഹമായിരുന്നു.

ഇദ്ദേഹത്തെ 1052 വൃശ്ചികം 21-ന് പറവൂർ പള്ളിയിൽ വച്ച് ഗ്രീഗോറിയോസ് എന്ന സ്ഥാനപ്പേരിൽ വാഴിക്കയും നിരണം മുതലായ ഭദ്രാസന ഇടവക മേൽ അധികാരപ്പെടുത്തുകയും ചെയ്തു. ദൈവഭക്തി, സഭാനിശ്ചയവും കാനോനും അനുസരിച്ചുള്ള എല്ലാ നടപടികളിലും കൃത്യനിഷ്ഠ, ഉപവാസം, പ്രാർത്ഥന, പ്രസംഗചാതുര്യം എന്നു വേണ്ട തന്റെ എല്ലാ സംഗതികളും ഒരു ശരിയായ സന്യാസിയുടെയും മേൽപ്പട്ടക്കാരന്റെയും ചുമതലകളെ ആചരിച്ചു വന്നതിനാൽ വചനത്തേക്കാൾ പ്രവൃത്തിയിൽ ഇദ്ദേഹം എല്ലാവർക്കും ദൃഷ്ടാന്തമായിരുന്നു.

ഇദ്ദേഹം ദൈവത്തിന്റെ ദൂതനാണെന്നോ അദ്ദേഹത്തിന്റെ അതൃപ്തി സമ്പാദിച്ചാൽ ശാപം നേരിടുമെന്നൊ ഉള്ള ബോധ്യം എല്ലാവരിലും ഏറെക്കുറെ വ്യാപിച്ചിരുന്നു. ഇങ്ങനെ നിരണം ഇടവക ഭരിച്ചുകൊണ്ടിരിക്കുമ്പോൾ തുമ്പമൺ ഇടവകയുടെ മെത്രാപ്പോലീത്താ കാലം ചെയ്കയാൽ ആ ഭദ്രാസന ഇടവക പാത്രിയർക്കീസു ബാവാ തന്നെ ഭരമേല്പിച്ചു. അതോടു കൂടെ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായും തന്റെ അധികജോലി നിമിത്തം കൊല്ലം ഇടവകയും ഭരണത്തിനു വിട്ടുകൊടുത്തു. ഇങ്ങനെ കോട്ടയത്തിന് തെക്കുള്ള എല്ലാ പള്ളികളെയും ഭരിച്ചുവന്നു.

എന്നാൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തന്റെ നാമം നില്ക്കത്തക്കതായി ചെയ്തിട്ടുള്ള പ്രവൃത്തികളിൽ മുഖ്യമായത് പരുമല സിമ്മന്നാരി പണിയിച്ചിട്ടുള്ളതാകുന്നു. പരുമല ഒരു സുറിയാനിപ്പള്ളിയും സിമ്മനാരിയും സ്ഥാപിക്കണമെന്ന് നിശ്ചയിച്ച് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ സ്ഥലം സമ്പാദിക്കയും ചില ഉപായ കെട്ടിടങ്ങൾ തീർപ്പിക്കയും ചെയ്തിരുന്നു. എങ്കിലും തന്റെ അധികജോലി നിമിത്തം അവയെ പൂർണ്ണമാക്കുവാൻ കഴിഞ്ഞില്ല. എങ്കിലും ഗ്രീഗോറിയോസു മെത്രാപ്പോലീത്താ പള്ളികളിൽ നിന്നും ജനങ്ങളിൽ നിന്നും പണം പിരിച്ച് ഉദ്ദേശം 15,000 രൂപ ചിലവു ചെയ്ത് രണ്ട് നിലയിൽ വിശാലമായ ഒരു സിമ്മന്നാരിക്കെട്ടിടവും അതിനോടു ചേർത്ത് ഒരു പള്ളിയും പണിക്കുറ തീർപ്പിച്ചു. ഇങ്ങിനെ ഇരിക്കുമ്പോൾ ആയിരുന്നു തനിക്കു രോഗം ആരംഭിച്ചതു.

പ്രസിദ്ധന്മാരായ ഇംഗ്ലീഷ് വൈദ്യന്മാരും അവരുടെ ശക്തിയിൽ അധികമായി പരിശ്രമിച്ചിട്ടും ഒരു ഫലവും ഉണ്ടായില്ല. ഇങ്ങനെ മലങ്കര സുറിയാനി സമുദായത്തിൽ സ്ഥാനം കൊണ്ടും ദൈവഭക്തി കൊണ്ടും ശ്രേഷ്ഠനായിരുന്ന ഒരു മഹാനായിരുന്നു ഈ തിരുമേനി.

(പ. ഗീവർഗീസ് പ്രഥമൻ ബാവായുടെ 'സഭാചരിത്ര നാൾവഴി' എന്ന അപ്രകാശിത ആത്മകഥയിൽ നിന്നും)

## പരുമല തിരുമേനി എന്ന സാമൂഹ്യ പരിഷ്ക്കർത്താവ്

*(ഒന്നാം പേജിൽ നിന്നും)*

അതീവ പുരോഗമനപരം എന്ന് വിശേഷിപ്പിക്കുന്ന ക്ഷേത്രപ്രവേശന വിളംബരം തിരുവിതാംകൂർ മഹാരാജാവ് പുറപ്പെടുവിക്കുന്നത് ഇതിനും വർഷങ്ങൾക്കു ശേഷമാണ്. മഹാത്മാഗാന്ധി ഇന്ത്യൻ രാഷ്ട്രീയത്തിലെ ശ്രദ്ധേയമായ ഒരു ശബ്ദമായിത്തീരുന്നതിന് പല പതിറ്റാണ്ടുകൾ മുമ്പാണ് തിരുമേനി ഈ ആശയം പുറപ്പെടുവിച്ചിട്ടുള്ളത് എന്നതും കൂട്ടിവായിച്ചാൽ എത്രയേറെ ദീർഘമായ വീക്ഷണമായിരുന്നു തിരുമേനിയുടേതെന്ന് അത്ഭുതാദരങ്ങളോടെ മാത്രമേ സ്മരിക്കാനാവുകയുള്ളൂ.

ഒരു കല്പന അയക്കുകയോ പ്രസംഗം നടത്തുകയോ ചെയ്തു കഴിഞ്ഞാൽ സ്വന്തം കർത്തവ്യം അവസാനിച്ചു എന്നു കരുതി ആ അദ്ധ്യായം അടച്ചു വെയ്ക്കുന്നതായിരുന്നില്ല തിരുമേനിയുടെ പ്രവർത്തനശൈലി. ദളിതരോട് മാനുഷിക പരിഗണന കാട്ടുവാനും അവരെയും ദൈവത്തിന്റെ സൃഷ്ടികളായി കരുതുവാനും ആവർത്തിച്ചാവർത്തിച്ച് സ്വന്തം ജനങ്ങളെ ഉൽബോധിപ്പിച്ചിരുന്നു. ക്രൈസ്തവ വിശ്വാസം സ്വീകരിച്ച അവശതയനുഭവിക്കുന്ന വിഭാഗങ്ങൾക്കായി പള്ളികൾ സ്ഥാപിച്ച് വിശ്വാസപരമായി അവരെ നിലനിർത്തി. നിലവിലുള്ള ദേവാലയങ്ങളിൽ അവർ വന്നാൽ തുല്യ നിലയിൽ സ്വീകരിക്കുവാൻ സ്വന്തം സഭക്കാർ വിമുഖരായിരിക്കുമെന്നുള്ള യാഥാർത്ഥ്യം ഉൾക്കൊണ്ടതു മൂലമായിരുന്നു ഈ നടപടി. ഇന്നത്തെ സാമൂഹ്യ ചുറ്റുപാടിൽ നിന്നു നോക്കുമ്പോൾ ഈ നടപടി വിമർശനവിധേയമായേക്കാം. പക്ഷേ അന്നു നിലവിലുണ്ടായിരുന്ന സാമൂഹ്യഘടനയെ കണക്കിലെടുക്കാതെ അന്നത്തെ സംഭവങ്ങളെ അപഗ്രഥിക്കുന്നത് അശാസ്ത്രീയമാണല്ലോ. ദളിതരെ മനുഷ്യരായി കണക്കാക്കാത്ത അന്നത്തെ കാലദേശ സ്ഥിതിയിൽ ഇതല്ലാതെ മറ്റൊരു മാർഗ്ഗമില്ലായിരുന്നു.

ഇതോടൊപ്പം ചേർത്ത് ചിന്തിക്കേണ്ട മറ്റൊരു വിഷയം ഈ മഹത്തായ തുടക്കം എവിടെവരെ മുന്നോട്ടുനീക്കുവാൻ സഭയ്ക്ക് സാധിച്ചു എന്നുള്ളതാണ്. സ്ലീബാദാസ സമൂഹം പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ കാലത്തു നടത്തിയ ചില ശ്രമങ്ങളൊഴിച്ചാൽ കാര്യമായ പ്രവർത്തനം നടന്നിട്ടില്ലാത്ത മേഖലയാണിത്. ഭാരതത്തിന്റെ ഇതര ഭാഗങ്ങളിലേക്ക് മിഷൻ പ്രവർത്തനം ഈ അടുത്തകാലത്ത് വ്യാപിച്ചുവെങ്കിലും ഒരു നൂറ്റാണ്ടിലേറെ മുമ്പ് പരുമലതിരുമേനി തുടങ്ങിവച്ച ഈ മഹദ് പ്രയാണം വേണ്ടത്ര മുന്നേറിയിട്ടില്ല എന്ന യാഥാർത്ഥ്യത്തിനു നേരെ കണ്ണടച്ചിട്ടു കാര്യമില്ല.

ഇന്നു ചെയ്യാവുന്ന വളരെ ലളിതമായ ഒരു കാര്യമുണ്ട്. സഭ വകയായ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ദളിതരിൽ നിന്ന് ഓർത്തഡോക്സ് സഭയിലേക്ക് വന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകുവാൻ തയ്യാറാകണം. സഭ നേരിട്ട് നടത്തുന്ന സ്കൂളുകൾ, കോളജുകൾ, സ്വാശ്രയ പ്രൊഫഷണൽ കോളജുകൾ, സഭയുടെ മേൽവിലാസത്തിൽ ന്യൂനപക്ഷപദവി നേടിയ മെഡിക്കൽകോളജ് തുടങ്ങിയവയിലെല്ലാം ഈ വിഭാഗത്തിൽപെട്ട കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകുവാനുള്ള ചുമതല സഭയ്ക്കുണ്ട്. പരുമലതിരുമേനി തുടങ്ങിവച്ചതും ഇടക്കാലത്ത് സഭയ്ക്ക് കൈമോശം വന്നതുമായ ഈ പാരമ്പര്യത്തിന് സമകാലിക പ്രസക്തിയുള്ള നടപടിയായി വലിയ പ്രയാസം കൂടാതെ ചെയ്യാവുന്ന ഒരു കാര്യമാണിത്. ഇത്രയുമെങ്കിലും ചെയ്യുന്നില്ലെങ്കിൽ പരുമലതിരുമേനിയുടെ പാരമ്പര്യം അവകാശപ്പെടാൻ ധാർമ്മികമായും വസ്തുതാപരമായും ഈ സഭയ്ക്ക് അവകാശമുണ്ടോ എന്ന ചോദ്യം ഉയരുക തന്നെ ചെയ്യും.

## കാതോലിക്കേറ്റിന്റെ ഭരണസ്ഥിരത

*(ഒന്നാം പേജിൽ നിന്നും)*

ക്കിങ്ങ് കമ്മറ്റി, മാനേജിംഗ് കമ്മറ്റി, മലങ്കര അസോസിയേഷൻ എന്നീ നാലു ശ്രേണികളിലും പരസ്പര പ്രതിബദ്ധതയുടെ പ്രതീകമായി കാതോലിക്കാസ്ഥാനം മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തോട് വിധേയപ്പെടാതെ തന്നെ സ്ഥിരപ്രതിഷ്ഠ നേടിയെടുക്കണം. ഇത് ഇതുവരെ നടക്കാതിരിക്കുന്നു എന്ന വസ്തുതയാണ്, ഭരണനിർവഹണമേഖലയിൽ സഭയിന്നും അനുഭവിക്കുന്ന പാപ്പരത്വം അഥവാ കെടുകാര്യസ്ഥത വിളിച്ചുപറയുന്നത്.

ബിസിനസ് രംഗങ്ങളിൽ മാനേജ്മെന്റിന്റെ മികവു തെളിയിച്ചിട്ടുള്ള മഹാരഥന്മാർ ദശാബ്ദങ്ങളായി വർക്കിങ്ങ് കമ്മറ്റിയിലും, മാനേജിംഗ് കമ്മറ്റിയിലും ഇരുന്നിട്ടും ഈ സ്ഥിതിക്ക് മാറ്റം വരാഞ്ഞത് എന്തുകൊണ്ട് എന്ന ചോദ്യം നിലനിൽക്കുന്നു. കാതോലിക്കേറ്റിന് ഒരു മിനിമം ഭരണസ്ഥിരതയെങ്കിലും ഉണ്ടാക്കാൻ ഇന്നുള്ള സഭാഭരണഘടന തികച്ചും അപര്യാപ്തമാണെന്നത് വ്യക്തമായിരിക്കെ, അതിനുള്ള നടപടികൾക്ക് താല്പര്യമില്ലാതെ പോകുന്നത് മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും, ഇടവക മെത്രാപ്പോലീത്താ സ്ഥാനവും ഇന്നത്തെ അവസ്ഥയിൽ അനുഭവിക്കുന്ന ഏകനായകത്വം നഷ്ടമാകുമെന്ന ഭയം കൊണ്ടല്ലാതെ മറ്റെന്താണ്? റോമൻ കത്തോലിക്കാ സഭയിൽ പാപ്പായുടെ ഏകനായകത്വമാണെങ്കിലും, അതിന്റെ പ്രായോഗിക പാതയിൽ വ്യക്തമായ കാനോനുകളും നടപടിചട്ടങ്ങളും ഉള്ളതിനാൽ പാപ്പായായി ആരു വന്നാലും പോയാലും, വിവിധ സഭാശ്രേണികളുടെ കൂട്ടുത്തരവാദിത്തത്തിൽ ഒരു മിനിമം ഭരണം നടക്കുമെന്ന് ഉറപ്പുണ്ട്. ചുരുക്കത്തിൽ, കുര്യൻ തോമസ് തന്റെ "നസ്രാണി പഠനങ്ങ"ളിൽ ആരംഭിച്ചിരിക്കുന്ന അന്വേഷണങ്ങൾക്ക്, 1912 ലെയോ 1934 ലെയോ നടപടികൾ തൃപ്തികരമായ ഉത്തരം നൽകുന്നില്ല എന്ന തിരിച്ചറിവോടെ, കൂടുതൽ മൗലികമായ അന്വേഷണങ്ങളിലേക്ക് തിരിയേണ്ടതുണ്ട്. ചരിത്രത്തിന്റെ അടിത്തറയോടെ, അപ്രകാരമുള്ള അന്വേഷണങ്ങളിൽ ഏർപ്പെടുവാനും, അതിൽകൂടി മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് പൈതൃകമായിട്ടുള്ള നസ്രാണി പൗരുഷത്തെ വീണ്ടെടുത്ത് ഒരു സമുദായമെന്നതിലും ഉപരിയായി ദൈവത്തിന്റെ സഭയുടെ സാക്ഷ്യം നിർവഹിക്കുന്നതിനും ഇടയാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഈ ഗ്രന്ഥത്തെ സുമനസുകൾക്കും സത്യാന്വേഷികൾക്കും ആയി അവതരിപ്പിക്കുന്നു. സാമ്പത്തികമോ അല്ലാതെയോ ഒരു നേട്ടവും ലക്ഷ്യമാക്കാതെ, സഭാചരിത്ര പഠനങ്ങളിൽ അവഗാഹം നേടുന്ന കുര്യൻ തോമസിനെപ്പോലുള്ളവർ കൂടുതൽ രംഗത്തു വരട്ടെ എന്നാഗ്രഹിക്കുന്നു.

*(അൽമായവേദി പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച നസ്രാണി പഠനങ്ങൾ ഭാഗം ഒന്ന് എന്ന ഗ്രന്ഥത്തിനെഴുതിയ അവതാരിക)*

## മർദ്ദനത്തിൽ പ്രതിഷേധിച്ചു

ചങ്ങനാശ്ശേരി: കത്തിപ്പാറത്തടം പള്ളി വികാരി ഫാ. കെ. എം. വർഗ്ഗീസിനെയും വിശ്വാസികളേയും ആരാധനാമദ്ധ്യേ മൃഗീയമായി മർദ്ദിച്ച പാത്രിയർക്കീസ് വിഭാഗത്തിന്റെ നടപടിയിൽ അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രതിഷേധിച്ചു. അക്രമികളെ പിടികൂടി മാതൃകാപരമായി ശിക്ഷിക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. ജോയ്സ് തോട്ടയ്ക്കാട് പ്രമേയം അവതരിപ്പിച്ചു. ശ്രീ. പീലിപ്പോസ് പോട്ടയ്ക്കാവയലിൽ പിൻതാങ്ങി.

## പ്രതിഷേധിച്ചു

വാകത്താനം: പ. കാതോലിക്കാബാവായ്ക്കും, ശ്രേഷ്ഠ നിയുക്ത ബാവായ്ക്കും പരുമല യിൽനിന്നും പുതുപ്പള്ളിയിലേയ്ക്കുള്ള ജൈത്രയാത്ര കണ്ട് ഹാലിളകിയ വിഘടിതർ വരവേല്പ് ഘോഷയാത്ര കടന്നുപോയി സ്ഥലം വിജനമായപ്പോൾ നാലുന്നാക്കൽ ഭാഗത്തെ മുത്തുക്കുടകളും, കൊടിതോരണങ്ങളും നശിപ്പിച്ച നടപടിയിൽ ഓർത്തഡോക്സ് അൽമായവേദി ശക്തിയായി പ്രതിഷേധിച്ചു.

മുഖലേഖനം

# സഭകളുടെ അടിസ്ഥാന വ്യതിയാനങ്ങൾ

ഇരുപതാം നൂറ്റാണ്ടിന്റെ അവസാന ദശകവും ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ആദ്യ വർഷങ്ങളും ലോക വ്യവസ്ഥിതിയിൽ പല അടിസ്ഥാന വ്യതിയാനങ്ങൾ (Paradigm shift ) സംഭവിച്ചതും സംഭവിക്കുന്നതുമായ കാലഘട്ടമാണ്. ജനങ്ങളുടെ ജീവിതശൈലിയിലും സാംസ്കാരിക, സാമ്പത്തിക, തൊഴിൽ, രാഷ്ട്രീയ മേഖലകളിലും എന്നു വേണ്ട, മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളിലും ഈ വ്യതിയാനങ്ങൾ അതിവേഗം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇവയെ അവഗണിക്കുന്ന ഒരു സംഘടനയ്ക്കും – മതപരമായാലും സെക്കുലർ സ്വഭാവമുള്ളതായാലും – നിലനില്ക്കാനാവില്ല. ഈ അടിസ്ഥാന വ്യതിയാനങ്ങളോട് ഓർത്തഡോക്സ് സഭയും റോമൻ കത്തോലിക്കാ സഭയും പ്രതികരിക്കുന്ന രീതികളാണ് ഇവിടെ അപഗ്രഥിക്കപ്പെടുന്നത്.

റോമൻ കത്തോലിക്കാ സഭയുടെ സമീപനം ആദ്യമായി അപഗ്രഥിക്കുന്നത് അത് കൂടുതൽ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് അനേക പഠനങ്ങളുടെ പിൻബലമുള്ള ഒന്നായതിനാലാണ്. ഇതര ക്രിസ്തീയ വിഭാഗങ്ങളിൽനിന്നും കൊള്ളേണ്ടത് കൊള്ളുകയും തള്ളേണ്ടത് തള്ളുകയും ചെയ്യുന്ന ഓർത്തഡോക്സ് സഭയ്ക്ക് സ്വാംശീകരിക്കാവുന്ന പലതും ഇതി ലുള്ളതും മറ്റൊരു കാരണമാണ്. റോമൻ കത്തോലിക്കാ സഭയുടെ അടിസ്ഥാന വ്യതിയാനങ്ങളോടുള്ള പ്രതികരണത്തിന്റെ വേരുകൾ 1960–ൽ നടന്ന രണ്ടാം വത്തിക്കാൻ കൗൺസിലിലാണുള്ളത്. മൂന്ന് പതിറ്റാണ്ടുകൾക്കു ശേഷം നടക്കുവാൻ പോകുന്ന ലോകവ്യവസ്ഥയുടെ അടിസ്ഥാന ശിലകളെ ഇളക്കുന്ന മാറ്റങ്ങളെ ആ കാലഘട്ടത്തിൽ വത്തിക്കാന്റെ അഗാധമായ ചിന്താസരസ്സുകൾക്ക് ദീർഘദർശനം ചെയ്യുവാൻ കഴിഞ്ഞിരുന്നോ എന്നത് ഒരു ചോദ്യമായി അവശേഷിക്കുന്നു. എന്നാൽ അവയുടെ വിദൂരമായ ചില ശ്ലഥചിത്ര ങ്ങളെങ്കിലും കാണുവാനുള്ള ദീർഘദൃഷ്ടി വത്തിക്കാനുണ്ടായിരുന്നു എന്നത് ഇന്ന് ഒരു പിൻകാഴ്ച എന്ന നിലയിൽ കണ്ടെത്തുവാൻ കഴിയും. ഓർത്തഡോക്സ് സഭ സ്വാംശീകരിക്കേണ്ട ആദ്യത്തെ പാഠവും ഇതു തന്നെ. സംഭവങ്ങൾക്കു വളരെക്കാലത്തിനുശേഷം പ്രതികരിക്കുന്ന സമ്പ്രദായത്തിൽ നിന്നു വിഭിന്നമായി സാമൂഹ്യ- സാംസ്കാരിക – രാഷ്ട്രീയ രംഗങ്ങളിലെ ചലനങ്ങളെ സൂക്ഷ്മമായി അപഗ്രഥിക്കുകയും ഭവിഷ്യോന്മുഖമായി പ്രതികരിക്കുകയും ചെയ്യുന്ന ശൈലി ഓർത്തഡോക്സ് സഭ വീണ്ടെടുക്കേണ്ടിയിരിക്കുന്നു. പുലിക്കോട്ടിൽ ദീവന്നാസ്യോസ് പഞ്ചമൻ, വട്ടശ്ശേരിൽ തിരുമേനി എന്നിവരുടെ കാലഘട്ടത്തിനുശേഷം സഭയ്ക്ക് നഷ്ടപ്പെട്ട ഈ സിദ്ധി ഒരു വ്യവസ്ഥാപിത രീതിയിൽ പുനർനിർമ്മിതി നടത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രേരണാ ഘടകം, ജനം സഭയിൽനിന്നും അകന്നുകൊണ്ടിരിക്കുന്നു എന്ന തിരിച്ചറിവാണ്. പൗരോഹിത്യ ശ്രേണിയിൽ മാത്രം ബന്ധിതമായ ഒരു സഭാവ്യവസ്ഥിതി ജനത്തെ സഭയിൽനിന്നും അകറ്റിക്കൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. യൂറോപ്പിലും അമേരിക്കൻ വൻകരയിലുമെല്ലാം സെക്ടേറിയൻ സഭകളുടെ വേലിയേറ്റം 1950–കളിലും 60 കളിലും നിലവിലുണ്ടായിരുന്നു. ഈ പ്രതിഭാസം പഠിച്ച വത്തിക്കാന്റെ ബുദ്ധികേന്ദ്രങ്ങൾ വിരൽചൂണ്ടിയത് അൽമായരെ മനസ്സിലാക്കുവാനുള്ള സഭാനേതൃത്വത്തിന്റെയും പൗരോഹിത്യ ശ്രേണിയുടെയും പരാജയത്തിന് നേരെയായിരുന്നു. പൗരോഹിത്യവും ജനവും ഇഴപിരിയാതെ നെയ്ത രൂപഭദ്രമായ ആദിമസഭയുടെ പന്ഥാവുകളിലേക്ക് ഒരു പുനർവായന നടത്തിയത് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തുടർ നടപടികളിലൂടെയാണ്.

വിശ്വാസികളെല്ലാവരും രാജകീയ പൗരോഹിത്യത്തിന്റെ അംശികളാണെന്നും വിശ്വാസികളില്ലാതെ സഭയില്ലെന്നും സഭ ഉൽഭവിച്ചതും നിലനിൽക്കുന്നതും വിശ്വാസികൾക്കു വേണ്ടിയാണെന്നും മറ്റും കത്തോലിക്കാസഭ പുനർവായനയിലൂടെ മനസ്സിലാക്കിയപ്പോൾ മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രയാണം എതിർദിശയിലേക്കായിരുന്നു. ഉദയംപേരൂർ സുന്നഹദോസെന്ന അത്യാചാരം ഈ സഭയുടെ മേൽ റോമൻ കത്തോലിക്കാസഭ നടത്തുന്നതിനുമുൻപുണ്ടായിരുന്ന ആദിമസഭയിലേതുപോലെ ഇഴപിരിയാത്ത പൗരോഹിത്യ – അൽമായ സമന്വയം പിൽക്കാലത്ത് റോമൻ കത്തോലിക്കാസഭയുടെ വികൃതമായ അനുകരണത്തിലേക്ക് വഴുതിവീഴുകയായിരുന്നു. പ്രോട്ടസ്റ്റന്റ് സഭകളുമായുണ്ടായ ഹ്യസ്വകാല സൗഹൃദങ്ങൾ പോലും ഈ അപഭ്രംശത്തിന് തടയിടുവാൻ സഹായകമായില്ല. റോമൻ കത്തോലിക്കാസഭയിൽനിന്നും പ്രോട്ടസ്റ്റന്റ് സഭയിൽനിന്നും തള്ളേണ്ടതിനെ കൊള്ളു കയും കൊള്ളേണ്ടതിനെ തള്ളുകയും ചെയ്ത് ഉണ്ടായ ഒരു ചിന്താസരണിയായി ഇന്നത്തെ നിലയിലുള്ള അൽമായ വൈദിക ബന്ധം നിലവിൽ വന്നു.

അമ്പതുകളിലാരംഭിക്കുകയും അറുപതുകളിൽ വേരു പിടിക്കയും തൊണ്ണൂറുകളിൽ ഒരു കുത്തൊഴുക്കായി മാറുകയും ചെയ്ത സെക്ടേറിയൻ സഭകളിലേക്കുള്ള ഓർത്തഡോക്സ് വിശ്വാസിയുടെ പ്രയാണത്തിന് ഏറ്റവുമധികം സംഭാവന ചെയ്തത് അൽമായ – വൈദിക ബന്ധങ്ങളിലെ വികലമായ സങ്കല്പമാണെന്ന് കണ്ടെത്തുവാൻ തുറന്ന മനസ്സുള്ള ആർക്കും സാധിക്കും. ദിവ്യബോധനം പാഠ്യപദ്ധതിയിൽ ദൈവജനം എന്ന ആശയം പഠിപ്പിക്കുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ നിലനിൽക്കുന്നത് റോമൻ കത്തോലിക്കാസഭ ഇപ്പോൾ കുടഞ്ഞുകളയുവാൻ ശ്രമിക്കുന്ന പൗരോഹിത്യ ദുഷ്പ്രവണതകളുടെ നുകമാണ്.

ഓർത്തഡോക്സ് സഭയുടെ ഭരണഘടന അൽമായ – പൗരോഹിത്യ ബന്ധങ്ങളെ ഏറ്റവും സമീകൃതമായ നിലയിൽ നിർവചിച്ചിട്ടുള്ള ഒന്നാണ്. എന്നാൽ അത് പ്രയോഗിക്കുമ്പോൾ "ഏട്ടിലപ്പടി പയറ്റിലിപ്പടി" എന്നതുപോലെ പല അപഭ്രംശങ്ങളുമുണ്ടാകുന്നുണ്ട്. അതിരുകൾ മാന്തുവാനുള്ള പൗരോഹിത്യ ശ്രേണിയിലെ ചിലരുടെ ശ്രമങ്ങൾ സഭയുടെ താല്പര്യങ്ങൾക്കനുരൂപമല്ല. അവഗണിക്കപ്പെടുന്ന അജഗണം കരുതലും സാന്ത്വനവും ലഭിക്കുന്നയിടത്തേക്ക് പ്രയാണം ചെയ്യുമെന്നതിൽ സംശയ മൊന്നും വേണ്ട. മെഗാ ഫോണിന് മുമ്പിൽ നിന്ന് കരിസ്മാറ്റിക് പ്രസ്ഥാനങ്ങളെ കുറ്റപ്പെ ടുത്തുന്നതിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്നത് വ്യാമോഹം മാത്രമാണ്. ജനത്തിനിടയിലേക്ക് ഇടയന്മാർ ഇറങ്ങിച്ചെല്ലുന്നതും അവരോട് സംവേദിക്കുന്നതും അവരുടെ ആകുലതകളും ആശങ്കകളും ദൂരീകരിക്കുന്നതും മാത്രമാണ് പരിഹാരമാർഗ്ഗം. ചരിത്ര ത്തിന്റെ നടവഴികളിൽ നാം നഷ്ടപ്പെടുത്തിക്കളഞ്ഞ ആ മഹദ് പാരമ്പര്യങ്ങൾ വീണ്ടെ ടുക്കുവാനുള്ള ഒരു ആത്മാർത്ഥമായ ശ്രമം ഉണ്ടാകണം. പ്രമാണിമാരും ധനാഢ്യരുമ ല്ലാത്ത വിശ്വാസിയേയും പേരു ചൊല്ലി വിളിക്കുവാൻ കഴിയുന്ന വൈദികർ സഭയ്ക്കുണ്ടാ കണം. തങ്ങൾ യജമാനന്മാരല്ലെന്നും സേവകരാണെന്നുമുള്ള പാഠം സെമിനാരികൾ വിദ്യാർത്ഥികളെ ശരിയായി പഠിപ്പിക്കണം. ശിഷ്യന്മാരുടെ കാലുകഴുകുവാൻ മാത്രം എളിമയുണ്ടായിരുന്ന ഗുരുവിന്റെ അഭിഷിക്തർ യജമാന ഭാവം വെടിയണം.

ലായത്തിൽ നിന്നും കുതിര പാഞ്ഞുപോയതിനുശേഷം കവാടങ്ങൾ ബന്ധിച്ചിട്ട് കാര്യമില്ല. അതിവേഗം മാറുന്ന ലോകത്തിന്റെ സൂക്ഷ്മ സ്പന്ദനങ്ങളെ പഠിക്കുവാനും അവയോടുള്ള പ്രതികരണം രൂപപ്പെടുത്തുവാനുമുള്ള സംവിധാനം സഭയ്ക്കുണ്ടാകണം. കമ്മറ്റികൾ രൂപീകരിക്കുമ്പോൾ പ്രവർത്തിക്കാൻ സമയവും സന്നദ്ധതയുമുള്ളവരെ കണ്ടെത്തണം. വസ്ത്രത്തിന്റെ തൊങ്ങലുകൾക്ക് വീതിയും നിറപ്പകിട്ടും കൂട്ടുന്നതുപോലെ സ്ഥാനങ്ങളെ കാണുന്നവർ സഭയ്ക്ക് ഗുണം ചെയ്യില്ലെന്നു മനസ്സിലാക്കണം. പല പ്രശ്നങ്ങൾക്കും പരിഹാരമുണ്ടായ ഈ കാലഘട്ടം അത്തരത്തിലുള്ള സചേതന നീക്കങ്ങൾക്കുള്ള കാലമായി വിനിയോഗിക്കപ്പെടുമെന്ന് പ്രത്യാശിക്കാം.

# അനുമോദിച്ചു

കോട്ടയം: ശ്രേഷ്ഠ നിയുക്ത ബാവായുടെ നാമനിർദ്ദേശപത്രികയിൽ മണിക്കൂറുകൾക്കുള്ളിൽ അൽമായവേദിയുടെ അഭ്യുദയകാംക്ഷികളായ അസോസിയേഷൻ മെമ്പറന്മാരെ കണ്ടെത്തി ഒപ്പിടുവിക്കുന്നതിനു നേതൃത്വം കൊടുത്ത സഭാസ്നേഹികളായ ശ്രീ. ബേബി കളത്ര (പുതുപ്പള്ളി), ശ്രീ. മാത്യു മഠത്തിൽ (പുതുപ്പള്ളി), പ്രൊഫ. ഐസക് പാമ്പാടി, ജെയിംസ് പാമ്പാടി, പീലിപ്പോസ് പൊട്ടയ്ക്കാവയലിൽ പുതുപ്പള്ളി എന്നിവരുടെ പ്രവർത്തനത്തെയും സഭാ സ്നേഹത്തെയും അൽമായവേദി സെക്രട്ടറിയേറ്റ് അഭിനന്ദിച്ചു.

ജനറൽ സെക്രട്ടറി എഴുതുന്നു

# ചില ചോദ്യങ്ങളും ഉത്തരങ്ങളും

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രവർത്തകരോട് പലരും ചോദിക്കാറുള്ള ചോദ്യങ്ങളും അവയ്ക്കുള്ള സംഘടനയുടെ ഔദ്യോഗിക മറുപടികളുമാണ് ഇവിടെ കൊടുക്കുന്നത്. മുഖദാവിൽ ചോദിച്ചിട്ടുള്ളവരോട് നേരിട്ട് പറഞ്ഞിട്ടുള്ളതാണെങ്കിൽ കൂടി ഈ ചോദ്യങ്ങൾ ഇതുവരെ ചോദിച്ചിട്ടില്ലാത്തവർക്കും മനസ്സിൽ ഈ സംശയങ്ങളുള്ളവർക്കും വേണ്ടിയുള്ളതാണ്.

ചോദ്യം. ഈ സംഘടനയിലുള്ളവർക്ക് മാത്രമേ സഭാസ്നേഹവും സഭാപരമായ എരിവുമുള്ളോ? മറ്റുള്ളവർക്കില്ലാത്ത ആശങ്കകൾ നിങ്ങൾക്കെന്തിന്?

ഉത്തരം. സഭാസ്നേഹികളെല്ലാവരും ഈ സംഘടനയിലെ അംഗങ്ങളാണെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. എന്നാൽ ഈ സംഘടനയിലെ അംഗങ്ങളെല്ലാം സഭാസ്നേഹികളാണ്. അംഗങ്ങളാകുവാനും സംഘടനയുടെ നയരൂപവൽക്കരണത്തിലും പ്രവർത്തനങ്ങളിലും ഭാഗഭാക്കുകളാകുവാനും എല്ലാ സഭാസ്നേഹികളെയും ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

എല്ലാ സമൂഹത്തിലും വലിയ ഒരു വിഭാഗം നിസ്സംഗരായിരിക്കും. ഇടവകകളിലും എല്ലാ പ്രസ്ഥാനങ്ങളിലും ഇതു തന്നെയാണ് സ്ഥിതി. ഇപ്പോൾ നിസ്സംഗമായിരിക്കുന്നവരും സഭാപരമായി സജീവമാകണമെന്നാണ് ഞങ്ങളുടെ അഭിപ്രായം.

ചോദ്യം. എന്തധികാരമാണ് നിങ്ങൾക്ക് ഇപ്രകാരം പ്രവർത്തിക്കാൻ ഉള്ളത്?

ഉത്തരം. ഏതൊരു സഭാംഗത്തിനുമുള്ള മൗലികമായ അധികാരം തന്നെ. സഭ അതിലെ എല്ലാ അംഗങ്ങളുടേതുമായതിനാൽ ഓരോ അംഗത്തിനും അതിലെ കാര്യങ്ങളെപ്പറ്റി ചിന്തിക്കുവാനും അഭിപ്രായം പറയുവാനും ആ അഭിപ്രായം പ്രചരിപ്പിക്കുവാനും അധികാരമുണ്ട്. നമ്മുടേത് ഒരു ജനാധിപത്യ ഭരണഘടനാവിധേയമായ എപ്പിസ്കോപ്പൽ സഭയാണ്. ആദിമസഭയുടെ പൈതൃകങ്ങൾ പിന്തുടരുന്ന സഭയായതിനാൽ വിശ്വാസികളുടെ അഭിപ്രായങ്ങൾക്ക് സ്ഥാനമുണ്ട്. തീരുമാനങ്ങളെടുക്കുവാനും നടപ്പാക്കുവാനും ഭരണഘടനാപരമായ സമിതികളും സ്ഥാനികളുമുണ്ടെന്നും അവരുടെ/അവയുടെ തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ എല്ലാവരും സഹകരിക്കണമെന്നും അംഗീകരിക്കുമ്പോൾ തന്നെ, ജനങ്ങൾക്ക് തങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കുവാനും അവർക്കുവേണ്ടി ആശയപ്രകാശനം നടത്തുവാനും തെറ്റായ പ്രവണതകൾക്കും പ്രവർത്തികൾക്കുമെതിരെ ശബ്ദമുയർത്തുവാനും അവകാശമുണ്ട്. ഇത്തരം ചോദ്യങ്ങളും ആശയ പ്രകാശനവുമെല്ലാം സ്വാർത്ഥതാല്പര്യക്കാരെ ചൊടിപ്പിക്കുന്നത് സ്വാഭാവികമാണ്.

അച്ചടക്കം എന്നാൽ ചോദ്യം ചെയ്യപ്പെടാത്ത അനുസരണമല്ല. ആയതിനാൽ തന്നെ അടിമത്തവുമല്ല.

ചോദ്യം. തെരഞ്ഞെടുക്കപ്പെട്ട സമിതികളും മാനേജിംഗ് കമ്മറ്റിയുമൊക്കെയുള്ളപ്പോൾ നിങ്ങൾക്കെന്ത് കാര്യം?

മേല്പറഞ്ഞ സമിതികൾ കാര്യക്ഷമമായും ഫലപ്രദമായും പ്രവർത്തിച്ചിരുന്നെങ്കിൽ അൽമായവേദിക്ക് പ്രസക്തി ഉണ്ടാകുമായിരുന്നില്ല. എന്നാൽ സമിതികൾ ഫലപ്രദമായി പ്രവർത്തിക്കാത്ത സാഹചര്യത്തിൽ സാധാരണ വിശ്വാസിയുടെ പ്രതികരണങ്ങൾ ഉയർത്തുവാനുള്ള ഒരു വേദിയാണ് സംഘടനയും അതിന്റെ മുഖപത്രവും. മാനേജിംഗ് കമ്മറ്റിയുടെ എത്രയോ തീരുമാനങ്ങൾ നടപ്പാകാതെ ഇരിക്കുന്നു. സ്വന്തം തീരുമാനങ്ങൾ നടപ്പാക്കാതിരിക്കുന്നതിനെപ്പറ്റി മാനേജിംഗ് കമ്മറ്റിക്കും പരാതികളില്ല. ഇത്തരം ഭരണസംവിധാനങ്ങളിൽ പ്രതികരണ ശേഷി നഷ്ടപ്പെട്ടിട്ടില്ലാത്തവർ പ്രതികരിക്ക തന്നെ ചെയ്യും. സഭയെയും പ്രസ്ഥാനങ്ങളെയും പ്രൈവറ്റ് ലിമിറ്റഡ് കമ്പനികളായി കൊണ്ടുനടക്കുവാനാഗ്രഹിക്കുന്നവർക്ക് ഞങ്ങൾ ഒരസൗകര്യമായേക്കാം. അതിന് ഞങ്ങൾ ഉത്തരവാദികളല്ല.

ചോദ്യം. സഭയിലെ അൽമായക്കാരുടെ പ്രതിനിധികൾ എന്ന് നിങ്ങൾ അവകാശപ്പെടുന്നുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനമെന്ത്?

ഉത്തരം. എല്ലാ അത്മായക്കാരുടെയും പ്രാതിനിധ്യം ഞങ്ങൾ അവകാശപ്പെട്ടിട്ടില്ല; അവകാശപ്പെടുന്നുമില്ല. ഓരോ അൽമായക്കാരനും അവരുടേതായ അഭിപ്രായങ്ങളും വീക്ഷണങ്ങളുമുണ്ടാകും. അപ്രകാരമുള്ള ഈ സഭയിൽ ആർക്കും എല്ലാ അൽമായക്കാരുടെയും പ്രാതിനിധ്യം അവകാശപ്പെടാനാവില്ല. പള്ളി പ്രതിപുരുഷന്മാരായി തെരഞ്ഞെടുക്കപ്പെടുന്നവർ ആ യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങളിൽ പകുതിയിലേറെ പേരുടെ മാൻഡേറ്റ് ലഭിക്കുന്നവരാണ്. ഇടവകകളിലെ 10% അംഗങ്ങൾ പോലും പൊതുയോഗങ്ങളിൽ പങ്കെടുക്കാറില്ല എന്നത് ഒരു വസ്തുതയാണല്ലോ. പൊതുയോഗങ്ങളുടെയോ അവയുടെ തീരുമാനങ്ങളുടെയോ സാധുതയെ ചോദ്യം ചെയ്യുകയല്ല ഉദ്ദേശ്യം. പ്രാതിനിധ്യസ്വഭാവമുള്ള അഭിപ്രായങ്ങളോ വീക്ഷണങ്ങളോ പോലും എല്ലാവർക്കും സ്വീകാര്യതയുള്ളതായിരിക്കണമെന്നില്ല എന്ന പൊതുതത്വം വിശദീകരിച്ചു എന്നു മാത്രം.

സഭാംഗങ്ങൾ എന്ന നിലയിലും അഭിപ്രായ സ്വാതന്ത്ര്യം നിലവിലുള്ള രാജ്യത്തെ പൗരന്മാർ എന്നനിലയിലും തങ്ങളുടെ അഭിപ്രായങ്ങൾ രൂപീകരിക്കുവാനും അത് മാലോകരെ അറിയിക്കുവാനും ഉള്ള സ്വാതന്ത്ര്യം ഞങ്ങൾക്കുമുണ്ട്. ഞങ്ങളുടേതിനോട് യോജിക്കാത്ത അഭിപ്രായങ്ങളും ഉണ്ടായിരിക്കുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്. അത് പ്രകാശിപ്പിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള അവകാശത്തെയും ചോദ്യം ചെയ്യുന്നില്ല. യേശുക്രിസ്തുവിന്റെ ഉപദേശങ്ങളെ സ്വീകരിച്ചവർ യഹൂദ സമൂഹത്തിൽ അന്ന് ന്യൂനപക്ഷമായിരുന്നു എന്നതും കൂടി കൂട്ടിവായിച്ചാൽ കുറെക്കൂടി വ്യക്തത ലഭിക്കും.

ചോ. നിങ്ങളുടെ വിമർശനങ്ങൾ അതിരുകടക്കുന്നില്ലേ?

ഉത്തരം. അങ്ങനെയുണ്ടാകാതിരിക്കുവാൻ കഴിവതും ശ്രമിക്കുന്നുണ്ട്. മനുഷ്യസഹജമായ പിശകുകളും നോട്ടക്കുറവുകളും അപൂർവ്വമായിട്ടെങ്കിലും ഉണ്ടാകാറുണ്ട്. ബോദ്ധ്യമാവുന്നവ ക്ഷമാപണസഹിതം പ്രസിദ്ധീകരിക്കാറുമുണ്ട്. ഞങ്ങളുടെ കൈക്കുറ്റപ്പാടുകൾ ചൂണ്ടിക്കാണിക്കുന്നത് തുറന്നമനസ്സോടെ സമീപിക്കുമെന്ന് ഉറപ്പു നൽകുന്നു. എന്നാൽ ഞങ്ങളുടെ അഭിപ്രായങ്ങൾ ആർക്കെങ്കിലും ഹിതകരമല്ല എന്ന കാരണത്താൽ അതു മാറ്റുവാൻ സാദ്ധ്യമല്ലെന്നും വ്യക്തമാക്കിക്കൊള്ളട്ടെ.

ചോദ്യം. നിങ്ങൾക്കെതിരായി പലരും മുഴക്കുന്ന ഭീഷണികളോടും സമ്മർദ്ദങ്ങളോടും എങ്ങിനെ പ്രതികരിക്കുന്നു?

ഉത്തരം. ഭീഷണികൾ ഞങ്ങളുടെ നിശ്ചയദാർഢ്യത്തെ കൂടുതൽ ഉറപ്പുള്ളതാക്കി തീർക്കുന്നു. പലതരത്തിലുള്ള ഭീഷണികളും സമ്മർദ്ദങ്ങളും അൽമായവേദിക്കെതിരെ ഉയർന്നിട്ടുണ്ട്. അവയെയെല്ലാം അതിജീവിച്ചതുപോലെ ഇനിയും ഭീഷണികളെ അതിജീവിക്കുവാനുള്ള കരുത്ത് ഈ സംഘടനയ്ക്കുണ്ട്. സമ്മർദ്ദങ്ങൾ ഈ സംഘടനയെ ബാധിക്കയില്ല. *വാഴ്ചകളോടും അധികാരങ്ങളോടുമാണ്* യുദ്ധം ചെയ്യേണ്ടതെന്ന ബോദ്ധ്യത്തോടെയാണ് ഈ സംഘടനയുടെ പ്രവർത്തകർ രംഗത്തിറങ്ങിയിരിക്കുന്നത്. ഹിഡൻ അജൻഡകളില്ലാത്തതിനാൽ ഞങ്ങളെ സമ്മർദ്ദത്തിലാക്കുവാനാവില്ല.

ചോദ്യം. നിങ്ങൾക്കാരാണ് സാമ്പത്തിക സഹായം ചെയ്യുന്നത്?

ഉത്തരം. സംഘടനയുടെ അംഗങ്ങൾ, അനുഭാവികൾ, ആശയപരമായി യോജിപ്പുള്ളവർ എന്നിവർ നൽകുന്ന സംഭാവനകളാണ് ഈ സംഘടനയുടെ സാമ്പത്തിക സ്രോതസ്സ്. ആശയപരമായി യോജിപ്പില്ലാത്ത ആരിൽനിന്നും സംഭാവനകൾ സ്വീകരിക്കയില്ല. പ്രത്യേകമായ അജൻഡയോ ലക്ഷ്യമോ സാധിക്കുവാനുള്ള മുഖാന്തരമായ സാമ്പത്തിക സഹായങ്ങളും സ്വീകരിക്കുന്നില്ല. പ്രവർത്തകരുടെയും അനുഭാവികളുടെയും സ്വന്തം പണത്തിൽനിന്നാണ് സംഘടനയുടെ ഫണ്ട് ശേഖരിക്കുന്നത്.

ചോദ്യം. സംഭാവനകൾ നൽകുന്നവരുടെ താല്പര്യങ്ങൾ നിങ്ങളുടെ എഡിറ്റോറിയൽ പോളിസിയെ സ്വാധീനിക്കാറുണ്ടോ?

ആർക്കുവേണ്ടിയും സംഘടനയുടെയും എഡിറ്റോറിയൽ ബോർഡിന്റെയും നയങ്ങൾക്ക് വിരുദ്ധമായ വാർത്തകളോ ലേഖനങ്ങളോ പ്രസിദ്ധീകരിക്കയില്ല. അപ്രകാരം വാടകയ്ക്ക് എഴുതുന്നവർ തങ്ങളുടെ അളവുകോലുപ്രകാരം ഞങ്ങളെ അളന്നാൽ അത് യോജിക്കയില്ല.

ചോദ്യം. നിങ്ങളുടെ വ്യക്തിവൈരാഗ്യങ്ങൾ വാർത്തകളിലും ലേഖനങ്ങളിലും പ്രതിഫലിക്കാറുണ്ടെന്ന് ആരോപണമുണ്ടല്ലോ?

ഉത്തരം. അത് വസ്തുതകൾക്ക് വിരുദ്ധമാണ്. എഡിറ്റോറിയൽ ബോർഡിലെ മൂന്നംഗങ്ങളെങ്കിലും അംഗീകരിക്കാതെ ഒരു വാർത്തയോ ലേഖനമോ അച്ചടിക്കപ്പെടുക

*(ശേഷം 5–ാം പേജിൽ)*

# പ. പരുമല തിരുമേനിയുടെ പിൻഗാമികൾ

ഒരു അത്ഭുത പ്രതിഭാസമായിരുന്നു പ. പരുമല തിരുമേനി. ജീവിതകാലത്തുതന്നെ വിശുദ്ധനായി പരിഗണിക്കപ്പെട്ട ഈ പുണ്യജീവിതം, യുഗകാലങ്ങളിൽ അപൂർവ്വമായി മാത്രം ഉദയംചെയ്യുന്ന വിസ്മയജീവിതങ്ങളിലൊന്നാണ്.

1902 നവംബർ രണ്ടിനു കാലംചെയ്ത പ. പരുമല തിരുമേനിയുടെ യഥാർത്ഥ പിൻഗാമി ആരാണ്? ആ പരിശുദ്ധ പിതാവിന്റെ കല്പനകൾ അനുസരിക്കുകയും അദ്ദേഹത്തിന്റെ കാൽപ്പാദങ്ങളെ പിന്തുടരുകയും ചെയ്യുന്ന ചെറിയവരും വലിയവരുമായ എല്ലാവരും പ. പരുമല തിരുമേനിയുടെ പിൻഗാമികളാണ്. എന്നാൽ സഭാസരണിയിൽ അദ്ദേഹത്തിന്റെ പിൻഗാമികളും പിന്തുടർച്ചാക്കാരും ആരായിരുന്നു എന്നതാണ് ഈ ലേഖനത്തിന്റെ പ്രതിപാദ്യം.

പരിശുദ്ധ പരുമല തിരുമേനിയുടെ പിന്തുടർച്ചക്കാരെ കണ്ടെത്താനുള്ള ശ്രമത്തിൽ, ആദ്യമായി എന്തായിരുന്നു പ. പരുമല തിരുമേനി എന്നു നിർണ്ണയിക്കേണ്ടിയിരിക്കുന്നു. പരിശുദ്ധനായ പ്രാർത്ഥനാ മനുഷ്യൻ, ഉജ്ജ്വല പണ്ഡിതനും ഗ്രന്ഥകാരനും, നീതിയുക്തനായ ഉത്തമ ഇടയൻ, മികച്ച അദ്ധ്യാപകൻ, ശേഷിമാനായ സംഘാടകൻ എന്നീ നിലകളിലെല്ലാം കഴിവു തെളിയിച്ച വ്യക്തിയാണ് പ. പരുമല തിരുമേനി. നിരണം, കൊല്ലം, തുമ്പമൺ ഇടവകകളുടെ മെത്രാപ്പോലീത്തായായി ഭരണം നടത്തുകയും അസിസ്റ്റന്റ് മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തപ്പെടുകയും ചെയ്ത – മലങ്കര മെത്രാപ്പോലീത്തായോട് പൂർണ്ണ വിധേയത്വമുള്ള – മികച്ച ഭരണാധികാരിയുമായിരുന്നു പ. പരുമല തിരുമേനി. ഈ പശ്ചാത്തലത്തിൽ വേണം അദ്ദേഹത്തിന്റെ പിൻഗാമിയെ കണ്ടെത്താൻ.

 പ. പരുമല തിരുമേനിയുടെ സഭാജീവിതത്തിന്റെ സിംഹഭാഗവും പരുമല സെമിനാരിയുമായി ബന്ധപ്പെട്ടതാണ്. ആ പരുമല സെമിനാരിക്കുവേണ്ടിയാണ് മല്ലപ്പള്ളി വട്ടശ്ശേരിൽ ഗീവർഗീസ് ശെമ്മാശന് 1880 ജനുവരി 18-ന് പ. പരുമല തിരുമേനി കത്തനാരുപട്ടം നൽകിയത്. തന്നെപ്പോലെ തന്നെ പണ്ഡിതനും, മികച്ച അദ്ധ്യാപകനും, സത്യസന്ധനും, സർവോപരി കുശാഗ്രബുദ്ധിയുമായ വട്ടശ്ശേരിൽ മല്പാനെയാണ് പ. പരുമല തിരുമേനി തന്റെ പിൻഗാമിയായി ദർശിച്ചത് എന്നു നിസംശയം പറയാം. പരുമല സെമിനാരിക്കുവേണ്ടി പട്ടംകെട്ടി എന്നതു മാത്രമല്ല, സഭാസേവനത്തിനും സെമിനാരി അദ്ധ്യാപനത്തിനുമായി മലങ്കര മെത്രാപ്പോലീത്താ മാർ ദീവന്നാസ്യോസ് അഞ്ചാമൻ അദ്ദേഹത്തെ കോട്ടയത്തേക്കു വിളിക്കുന്നതുവരെ പരുമല സെമിനാരിയുടെയും അവിടുത്തെ വൈദീകാഭ്യസനത്തിന്റെയും പൂർണ്ണ ചുമതല വട്ടശ്ശേരിൽ മല്പാനായിരുന്നു എന്നതും ഈ ദർശനത്തിന്റെ തെളിവാണ്. തന്റെ ഗുരുവായ മാർ യൂയാക്കീം കുറിലോസിന്റെയും പ. പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെയും *30 വയസ്സിനുമുമ്പ് കത്തനാരുപട്ടം കൊടുക്കരുതെന്ന* കല്പന കാറ്റിൽ പറത്തിയാണ് 25-ാം വയസ്സിൽ ഈ പട്ടംകൊട നടത്തിയത്. അവിവാഹിത പട്ടക്കാരെ റമ്പാനാക്കണമെന്ന നിർദ്ദേശവും ഈ കാര്യത്തിൽ പാലിച്ചില്ല.

പ. പരുമല തിരുമേനിയുടെ ദർശനത്തോടു ശിഷ്യൻ പൂർണ്ണമായും നീതിപുലർത്തി. പണ്ഡിതനും ഗ്രന്ഥകാരനുമായ വട്ടശ്ശേരിൽ മല്പാൻ, കോനാട്ടു കുടുംബത്തിനു പുറത്ത് ആദ്യമായി *മലങ്കര മല്പാനെന്ന* അംഗീകാരം നേടി. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ തന്റെ അനന്തരഗാമിയായി പ്രതീക്ഷിച്ചത് പ. പരുമല തിരുമേനിയെ ആയിരുന്നു. പക്ഷേ ആ സ്ഥാനത്തെത്തിയത് പ. പരുമല തിരുമേനി തന്റെ പിൻഗാമിയായി തിരഞ്ഞെടുത്ത വട്ടശ്ശേരിൽ മല്പാൻ ആയിരുന്നു. അദ്ദേഹം മാർ ദീവന്നാസ്യോസ് ആറാമൻ മലങ്കര മെത്രപ്പോലീത്താ എന്ന നിലയിൽ സഭയെ വിജയകരമായി നയിച്ചു.

1902-ൽ പ. പരുമല തിരുമേനി കാലം ചെയ്തെങ്കിലും അദ്ദേഹം ഭരിച്ച ഭദ്രാസനങ്ങൾക്ക് ഒരു പിൻഗാമിയുണ്ടാകുന്നത് 1912-ൽ മാത്രമാണ്. ആ വർഷമാണ് കല്ലാശ്ശേരിൽ പുന്നൂസ് റമ്പാൻ, ഗീവർഗീസ് മാർ ഗ്രീഗോറിയോസ് എന്ന പേരിൽ മേല്പട്ട സ്ഥാനമേറ്റത്. അദ്ദേഹം പിന്നീട് നിരണം, കൊല്ലം, തുമ്പമൺ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തായായി നിയമിതനായി. പ. പരുമല തിരുമേനിയുടെ ശിഷ്യന്മാരിൽ പ്രമുഖനായിരുന്നു പുന്നൂസ് റമ്പാൻ. വട്ടശ്ശേരിൽ മല്പാനെ മലങ്കര സഭാസേവനത്തിനായി വിട്ടുകൊടുത്തതോടുകൂടി പരുമലസെമിനാരിയുടെ ഭരണത്തിനും അദ്ധ്യാപനത്തിനുമായി പ. പരുമല തിരുമേനി കണ്ടെത്തിയത് പുന്നൂസ് റമ്പാനെയായിരുന്നു.

 പ. പരുമല തിരുമേനിയുടെ ശബ്ദസൗകുമാര്യവും പാണ്ഡിത്യവും പകർന്നുകിട്ടിയ ഇദ്ദേഹമാണ് ഇടവക മെത്രാപ്പോലീത്താ എന്ന നിലയിൽ പ. പരുമല തിരുമേനിയുടെ പിൻഗാമിയായത്. പിൽക്കാലത്ത് പ. ഗീവർഗീസ് ദ്വിതീയൻ എന്നപേരിൽ പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായി വാഴിക്കപ്പെട്ടതോടെ അദ്ദേഹം ശേഷിമാനായ ഭരണാധികാരിയായും പേരെടുത്തു. *പ. പരുമല തിരുമേനിയുടെ ആത്മബീജം അങ്ങിലുണ്ട്* എന്ന് എതിർപക്ഷത്തിലെ അന്ത്യോഖ്യായുടെ അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് സാക്ഷ്യപത്രം നൽകിയ വ്യക്തിത്വമാണ് പ. ഗീവർഗീസ് ദ്വിതീയൻ ബാവാ.

പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ആറാമൻ മലങ്കര മെത്രാപ്പോലീത്തായായും, പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായായും ഭരണത്തിൽ മുഴുകേണ്ടിവന്നതോടെ മുഴുവൻസമയ പ്രാർത്ഥനാ മനുഷ്യനായി ഒരാളെ പ. പരുമല തിരുമേനിയുടെ പിൻഗാമിയായി സഭ കണ്ടെത്തി. അദ്ദേഹമാണ് പാമ്പാടി കുറിയാക്കോസ് റമ്പാൻ. 1929 ഫെബ്രുവരി 16-ന് അദ്ദേഹത്തെ പ. പരുമല തിരുമേനിയുടെ *വടിയും മുടിയും സ്ഥാനനാമവും നൽകി ആത്മീയ പിൻഗാമിയായി* മെത്രാപ്പോലീത്താ സ്ഥാനത്ത് വാഴിച്ചു. സഭയുടെ കണക്കുകൂട്ടൽ തെറ്റിയില്ല. പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ വാക്കുകളിൽ, *പ. പരുമല തിരുമേനിയുടെ കാലശേഷം ഇത്രയും പരിശുദ്ധനായ ഒരാൾ മലങ്കരസഭയിൽ ഉണ്ടായിട്ടില്ല.*

നേരിട്ടല്ലെങ്കിലും പ. പരുമല തിരുമേനിയുടെ പിൻഗാമിയായ ഒരാൾ കൂടിയുണ്ട്. പ. വാകത്താനത്തു ബാവാ. 1902-ൽ പ. പരുമല തിരുമേനി കാലം ചെയ്തപ്പോൾ ആ സ്ഥാനത്തേക്ക് അന്നത്തെ സീനിയർ മെത്രാപ്പോലീത്തായായിരുന്ന കടവിൽ മാർ അത്താനാസ്യോസ് നിർദ്ദേശിച്ചത് ആലുവാ തൃക്കുന്നത്തുസെമിനാരി മാനേജർ വാകത്താനത്തു ഗീവർഗീസ് റമ്പാനെയായിരുന്നു. സഭയ്ക്കും ഇതു സന്തോഷമായിരുന്നെങ്കിലും സ്ഥാനമോഹി അല്ലാത്ത വാകത്താനത്തു ഗീവർഗീസ് റമ്പാൻ ഒഴിഞ്ഞുമാറി.

എങ്കിലും കാലചംക്രമണത്തിൽ അദ്ദേഹം മെത്രാപ്പോലീത്തായും തുടർന്ന് പൗരസ്ത്യ കാതോലിക്കായുമായി. അന്നു മെത്രാപ്പോലീത്താമാരായിരുന്ന വാകത്താനം മാർ പീലക്സീനോസും, കല്ലാശ്ശേരി മാർ ഗ്രീഗോറിയോസും കാതോലിക്കാ സ്ഥാനം ഏൽക്കാൻ വിസമ്മതിച്ചതിനാൽ, ഉഭയസമ്മതപ്രകാരം 1924-ൽ പരുമല പെരുനാളിനുശേഷം തുലാം 24 നു പ. പരുമല തിരുമേനിയുടെ കബറിങ്കൽവെച്ച് ചീട്ടിട്ടു. ചീട്ട് മാർ പീലക്സീനോസിനു വീണു. അത് ദൈവവിളിയായി കണക്കാക്കിയ മാർ പീലക്സീനോസ്, കാതോലിക്കാ സ്ഥാനം ഏറ്റു. അങ്ങനെ താമസിച്ചാണെങ്കിലും പ. പരുമല തിരുമേനിയുടെ സംസർഗത്തിന്റെകൂടെ ഫലമായി, കടവിൽ മെത്രാച്ചന്റെ ആഗ്രഹത്തിനു പൂർത്തീകരണമുണ്ടായി.

ഇവർ നാലുപേർക്കും – പ. വട്ടശ്ശേരിൽ തിരുമേനി, പ. വാകത്താനത്തു ബാവാ, പ. കല്ലാശ്ശേരി ബാവാ, പ. പാമ്പാടി തിരുമേനി- മാത്രമാണ് നിയമാനുസൃതവും ചരിത്രപരമായും പ. പരുമല തിരുമേനിയുടെ പിൻഗാമിത്വം അവകാശപ്പെടാവുന്നത്. വ്യത്യസ്ത വ്യക്തിത്വങ്ങളുടെ ഉടമകളായ ഇവർ അഞ്ചുപേർക്കും പൊതുവായുള്ള ഘടകം, പരിശുദ്ധവും പ്രാർത്ഥനാപൂരിതവുമായ ജീവിതവും ദൈവ സംസർഗവുമാണ്.

## ചില ചോദ്യങ്ങളും...

(നാലാം പേജിൽ നിന്നും)

യില്ല. വിഭിന്ന പശ്ചാത്തലവും വ്യക്തിത്വങ്ങളുമുള്ള മൂന്നു പേർ പരിശോധിച്ച് തൃപ്തിപ്പെടുന്ന മാറ്റർ എങ്ങിനെ ആരെങ്കിലും ഒരാളുടെ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളാൽ നയിക്കപ്പെടുന്നതാവും?

ചോദ്യം. ഇടവകകളിലുണ്ടാകാറുള്ള ഗ്രൂപ്പുവഴക്കുകളിൽ അൽമായവേദി ഇടപെടുന്നുണ്ടോ?

ഇല്ല. എല്ലാ ഇടവകകളിലും അൽമായക്കാർ യോജിപ്പോടെ നിലകൊള്ളണമെന്നതാണ് അൽമായവേദിയുടെ നിലപാട്. അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായാൽ അവ സമന്വത്തിലൂടെയും ഭരണഘടനാപരമായ മാർഗ്ഗങ്ങളിലൂടെയും പരിഹരിക്കണമെന്നാണ് അൽമായവേദി അഭിപ്രായപ്പെടുന്നത്. പല ഇടവകകളിലേയും ഗ്രൂപ്പുകളെ അഭിപ്രായ സമന്വയത്തിലേക്ക് കൊണ്ടുവരുവാൻ അൽമായവേദി ശ്രമിക്കുകയും ചിലതിലെല്ലാം വിജയിക്കുകയും ചെയ്തിട്ടുണ്ട്. ഇടവകകളിലെ കാര്യങ്ങൾ അതത് ഇടവകകളിലെ ജനങ്ങൾ തീരുമാനിക്കുകയാണ് വേണ്ടത്. അൽമായവേദി പ്രവർത്തകർ ചില ഇടവകകളിൽ ഭാരവാഹികളായി വരുന്നത് ആ ഇടവകയിൽ വ്യക്തികളെന്ന നിലയിൽ അവർക്കു സ്വീകാര്യത ഉള്ളതു മൂലമാണ്. ഇടവകകളിലെ തെരഞ്ഞെടുപ്പുകളിലും മറ്റും അൽമായവേദി എന്ന സംഘടന ഇടപെട്ടിട്ടില്ല, ഇടപെടുകയുമില്ല. ❑

## പരുമല മുതൽ പുതുപ്പള്ളി വരെ ആവേശം അണപൊട്ടിയൊഴുകിയ വരവേൽപ്പ്

**അൽമായ വേദി ന്യൂസ് സർവ്വീസ്**

സാധാരണ വിശ്വാസിയുടെ ആശയാഭിലാഷങ്ങൾ രൂപംപൂണ്ട് ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പദമേറിയ അഭി. പൗലൂസ് മാർ മിലിത്തിയോസ് തിരുമേനിക്കും സഭയുടെ അത്യുന്നത മഹാപുരോഹിതനായ പ. ദിദിമോസ് പ്രഥമൻ കാതോലിക്കാബാവായ്ക്കും പരുമല മുതൽ പുതുപ്പള്ളി വരെ സഭാജനങ്ങൾ ആവേശകരമായ വരവേൽപ്പ് നല്കി. നിരണം, കടപ്ര, പാലിയേക്കര, തിരുവല്ല, ചങ്ങനാശ്ശേരി എന്നീ സ്ഥലങ്ങളിൽ സമീപ ഇടവകകളിലെ വൈദികരും വിശ്വാസികളും കാത്തുനിന്ന് പ. കാതോലിക്കാ ബാവായേയും ശ്രേഷ്ഠ നിയുക്ത കാതോലിക്കായേയും ഹാരാർപ്പണം ചെയ്ത് സ്വീകരിച്ചു. തിരുവല്ലായിൽ നിരണം ഭദ്രാസനാധിപൻ മാർ ക്രിസോസ്റ്റമോസ് സ്വീകരണത്തിന് നേതൃത്വം നൽകി. ചങ്ങനാശ്ശേരി മുനിസിപ്പൽ ഓഫീസ് കവാടത്തിൽ മുനിസിപ്പൽ ചെയർമാന്റെയും അൽമായവേദി ചങ്ങനാശ്ശേരി യൂണിറ്റിന്റെയും സമീപ ഇടവകകളുടെയും നേതൃത്വത്തിൽ ഗംഭീരമായ സ്വീകരണം നടത്തി. അസ്സോസിയേഷൻ മെംബർ റോയ് ചിറമേൽ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

കോട്ടയം ഭദ്രാസനത്തിലെ വിവിധ ഇടവകകളുടെ ആഭിമുഖ്യത്തിൽ തെങ്ങണാ ജംഗ്ഷൻ മുതൽ പുതുപ്പള്ളി വരെ സമീപകാലത്തൊന്നും മലങ്കര ദർശിച്ചിട്ടില്ലാത്ത വിധം ആവേശകരമായ സ്വീകരണങ്ങൾ ക്രമീകരിച്ചിരുന്നു. തെങ്ങണാ ജംഗ്ഷനിൽ പഞ്ചായത്ത് പ്രസിഡണ്ട് പ. ബാവായേയും ശ്രേഷ്ഠ നിയുക്ത കാതോലിക്കായേയും ഹാരാർപ്പണം ചെയ്തു. സമീപത്തുള്ള സെന്റ് തോമസ് ഇടവകയുടെ സ്വീകരണത്തിൽ തെങ്ങണാ ഗുഡ് ഷെപ്പേർഡ് സ്കൂൾ വിദ്യാർത്ഥികളും അദ്ധ്യാപകരും പങ്ക് ചേർന്നു. മോനിച്ചൻ തലക്കുളം നേതൃത്വം നൽകി. പാലച്ചുവട്ടിലെ സ്വീകരണത്തിനു ശേഷം നാലുന്നാക്കൽ സെന്റ് ഗ്രീഗോറിയോസ് ഇടവകയുടെ സ്വീകരണം ഒരു വൻ ജനാവലിയുടെ സാന്നിദ്ധ്യത്താൽ ശ്രദ്ധേയമായി. പി. പി. തോമസ് പള്ളിച്ചിറ പ്രധാന സംഘാടകനായ ഈ സ്വീകരണത്തെ തുടർന്ന് കണ്ണഞ്ചിറയിലും വള്ളിക്കാട്ടും സ്വീകരണങ്ങൾ നൽകി. ദയറായുടെ പടിക്കൽവച്ച് ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പ. പിതാക്കന്മാരെ ഹാരാർപ്പണം ചെയ്തു. ഉണ്ണാമറ്റം, പൊങ്ങന്താനം എന്നിവിടങ്ങളിലെ സ്വീകരണത്തിന് ശേഷം ഞാലിയാകുഴിയിൽ സെന്റ് ഗ്രീഗോറിയോസ് ഇടവകയുടെ ആഭിമുഖ്യത്തിൽ തോമസ് കോര കളത്തുങ്കലിന്റെ നേതൃത്വത്തിൽ നടന്ന സ്വീകരണത്തിൽ വാകത്താനം പഞ്ചായത്തു പ്രസിഡണ്ട് ഹാരാർപ്പണം നടത്തി. തൃക്കോതമംഗലം, കൊച്ചാലുംമൂട് എന്നിവിടങ്ങളിൽ നടന്ന ഉജ്ജ്വല സ്വീകരണത്തിന് ഫിലിപ്പോസ് വന്നല പ്രധാന സംഘാടകനായിരുന്നു. ഈ സ്വീകരണങ്ങൾ സംഘടിപ്പിച്ചതിൽ ജനറൽ കൺവീനർ ഫാ. സി. ജോൺ ചിറത്തലാട്ട് പ്രകടിപ്പിച്ച സംഘാടക വൈദഗ്ദ്ധ്യം അതീവ ശ്ലാഘനീയമാണ്.

യുവജനങ്ങളുടെ ആവേശകരമായ ഭാഗഭാഗിത്വത്താൽ ശ്രദ്ധേയമായ ഈ സ്വീകരണങ്ങൾ സഭാമക്കളുടെ സഭാപരമായ തീഷ്ണതയെ വെളിവാക്കുന്നതായിരുന്നു. വീഥികളുടെ ഇരുവശത്തുമുള്ള വീടുകളിൽ വിരിയും നിലവിളക്കും മെഴുകുതിരികളും വൈദ്യുതാലങ്കാരങ്ങളുമെല്ലാം ചേർന്ന് ഉത്സവപ്രതീതി ഉളവാക്കി. ശക്തിയായ മഴയുണ്ടായിട്ടു പോലും ഭഗ്നാശരാകാതെ ജനങ്ങൾ സ്വീകരണ പരിപാടികളിൽ അത്യുത്സാഹത്തോടെ പങ്കെടുത്തു. ❑

## കത്തിപ്പാറത്തടം പള്ളിയിൽ വീണ്ടും വിഘടിതരുടെ അക്രമം

ഓർത്തഡോക്സ് സഭയ്ക്കു മാത്രം കർമ്മങ്ങൾ നടത്തുവാൻ അനുവാദമുള്ളതും ആർ. ഡി. ഒ. താക്കോൽ കൈവശം വച്ചിരിക്കുന്നതുമായ കത്തിപ്പാറത്തടം സെന്റ് ജോർജ് പള്ളിയിൽ വിഘടിതർ ഒക്ടോ. 29 ഞായറാഴ്ച പൂട്ടു കുത്തിത്തുറന്ന് പ്രവേശിച്ച് കുർബ്ബാന നടത്തി.

ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരും പോലീസ് അധികാരികളും നിഷ്ക്രിയത്വത്തിലൂടെ വിഘടിതർക്ക് ഒത്താശ നൽകി.

## ഫാ. ജോർജ് മട്ടമ്മേൽ ദിവംഗതനായി

കണ്ടനാട് സെന്റ് മേരീസ് പള്ളി വികാരി ഫാ. ജോർജ് മട്ടമ്മേൽ ദിവംഗതനായി. സംസ്കാരം ഒക്ടോബർ 29 -ാം തീയതി ഞായറാഴ്ച നടന്നു. ഒന്നിടവിട്ട ആഴ്ചകളിൽ ഓർത്തഡോക്സ് സഭയും വിഘടിത വിഭാഗവും കുർബ്ബാനയർപ്പിക്കുന്ന ഈ പള്ളിയിൽ പാത്രിയർക്കീസ് പക്ഷത്തിന്റെ തവണയായിരുന്ന തലേ ആഴ്ചയിൽ ബഹു. മട്ടമ്മേൽ അച്ചന്റെ മൃതശരീര സംസ്ക്കാരം നടത്തുന്നതിന് പാത്രിയർക്കീസ് വിഭാഗം തടസ്സം സൃഷ്ടിച്ചു. ഒക്ടോബർ 29-ാം തീയതി സംസ്കാരത്തിന് പള്ളിയിൽ പ്രവേശിക്കുവാൻ ഓർത്തഡോക്സ് സഭയുടെ മേല്പട്ടക്കാർക്ക് പോലീസ് സംരക്ഷണം നൽകാമെന്ന് ഗവൺമെന്റ് സമ്മതിച്ചെങ്കിലും ഒരു ക്രമസമാധാനപ്രശ്നം ഒഴിവാക്കാൻ വേണ്ടി മേല്പട്ടക്കാർ സംസ്ക്കാര ചടങ്ങിൽ നിന്നും വിട്ടുനിന്നു. ഓർത്തഡോക്സ് സഭയുടെ തവണകളിൽ കർമ്മങ്ങൾ നടത്താൻ ഫാ. ഐസക്ക് മട്ടുമ്മേലിന് കോടതി അനുവാദം നൽകി. വിഘടിതരുടെ തടസ്സവാദങ്ങൾ കോടതി തള്ളിക്കളഞ്ഞു.

ഫാ. ജോർജ് മട്ടമ്മേലിന്റെ അനുസ്മരണ യോഗത്തിൽ പ. കാതോലിക്കാബാവാ, ശ്രേഷ്ഠ നിയുക്ത കാതോലിക്കാ, കെ. ബാബു എം.എൽ.എ. മുതലായവർ പ്രസംഗിച്ചു.

### ഓഫ് സൈഡ്-ഓഫ് സൈഡ്

#### എന്നെക്കണ്ടാൽ കിണ്ണം കട്ടെന്ന് തോന്നുമോ?

കഴിഞ്ഞ ലക്കം അൽമായവേദിയിലെ ഒരു വാർത്തയോട് ചില പൗരോഹിത്യസ്ഥാനികൾ പ്രതികരിച്ചതു കണ്ടപ്പോൾ ഓർമ്മ വന്ന ഒരു പഴഞ്ചൊല്ലാണിത്. ആരുടെയും പേരുകൾ പറയാത്ത വാർത്ത കണ്ട് ചിലർ ഉറഞ്ഞു തുള്ളുന്നതു കണ്ടപ്പോൾ “തൊപ്പി പാകമാകുന്നവർക്ക് അത് ധരിക്കാം” എന്നു പറഞ്ഞുപോയി! അവർ മുഴക്കിയ ഭീഷണി കേട്ടപ്പോൾ “ലാവാ ചൂടക്കാൻ ശ്രമിക്കല്ലേ” എന്നു പറയാൻ തോന്നിയെങ്കിലും അതിന്റെയാവശ്യമുണ്ടായില്ല. അവരുടെ രോഷം ന്യായം തന്നെ. പൂച്ച പാലു കുടിക്കുന്നതുപോലെയുള്ള ചില രഹസ്യ അജണ്ടകൾ പരസ്യമായാൽ ആർക്കും അല്പം കോപം വന്നുപോകും. സാരമില്ല. “ബെറ്റർ ലക്ക് നെക്സ്റ്റ് ടൈം.”

# യോന ഇപ്പോഴും കപ്പലിൽതന്നെ അഗാധനിദ്രയിൽ

**മൈക്കിൾ മാത്യു**

ന്യൂയോർക്ക്: യഹോവ നിനവായിലേക്കു പോകുവാൻ യോനായോട് കൽപിച്ചു. ദൈവകൽപനയ്ക്കു വിപരീതമായി തർസീസിലേക്കുള്ള കപ്പലിൽ യോന കയറി. ശക്തിയായ കൊടുങ്കാറ്റടിച്ചു കപ്പലിനെ ഉലയ്ക്കുന്നു. കാർമേഘ നിബിഢമായ അന്തരീക്ഷം. പശ്ചിമ ചക്രവാളത്തിൽ നിരന്തരമായ കൊള്ളിമീനുകളും മിന്നൽപിണരുകളും താണ്ഡവനൃത്തം ചെയ്യുന്നു. അലറി അടുക്കുന്ന തിരമാലകളെ ഛേദിച്ച് കപ്പൽ തർസീസിലേക്കു സാവധാനം നീങ്ങുകയാണ്. ഏതു നിമിഷവും കപ്പൽ അഗാധമായ ആഴിയുടെ അടിത്തട്ടിലേക്കു അപ്രത്യക്ഷമാകാം. സഹയാത്രികരുടേയും കപ്പൽ ജീവനക്കാരുടേയും ജീവൻമരണ പോരാട്ടവും കഠിന ഭീതിയും നിശേഷം നിഷ്കരിച്ചു യോന ഇപ്പോഴും ഉറങ്ങുകയാണ്.

* * * * * * * *

നീർകോലി ഉഗ്രസർപ്പത്തിന്റെ രൂപത്തിൽ ഫണം ഉയർത്തി ഭീകരാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടു മലങ്കര സഭാമക്കളുടെ മാറിൽ തന്നെ കൊത്തിയെങ്കിലും അത്താഴം മുടങ്ങിയില്ല. നിറഞ്ഞ നയനങ്ങളോടും ഉഗ്രമായ ഉപവാസത്തോടും കൂടി സഭയെ സ്നേഹിച്ചു സേവിച്ചു മൺമറഞ്ഞ സഭാപിതാക്കന്മാരുടേയും വിശ്വാസധീരരായ സഭാമക്കളുടെയും പ്രാർത്ഥന സത്യമായും സഭയെ സഹായിച്ചു. അന്തസോടും ആത്മാഭിമാനത്തോടും ആനന്ദത്തോടും കൂടി സഭാമക്കൾ ഉദ്ദിഷ്ട കാര്യം നേടിയെടുത്തു. നിർവിഘ്നം മലങ്കരസഭ അസോസിയേഷൻ രണ്ടായിരത്തി ആറാം ആണ്ട് സെപ്റ്റംബർ മാസം ഇരുപത്തിഒന്നാം തീയതി പരുമല സിമ്മനാരി അങ്കണത്തിൽ സമ്മേളിച്ചു. കപ്പലിന്റെ അടിത്തട്ടിൽ സകല വിധമായ വിനാശങ്ങളും വിതച്ച യോന സസുഖം നിദ്രകൊള്ളുന്നു. സഭാനേതൃത്വം യോനയെ ഉണർത്തി കടലിൽ എറിയാതെ വെഞ്ചാമരം വീശികൊടുക്കുകയാണോ ?.

* * * * * * * *

2006 ഒക്ടോബർ പന്ത്രണ്ടാം തീയതി പരുമല സിമ്മനാരിയിൽ കൂടിയ മലങ്കരസഭാ അസോസിയേഷനോടനുബന്ധിച്ചു നടന്ന ചടങ്ങിൽ, ഓർത്തഡോക്സ് സഭയിലെ ഏറ്റവും സീനിയറും ഏതാണ്ട് അര ശതാബ്ദത്തിൽ അധികമായി സഭാതലത്തിലും ഉപരിയായി അന്തർദേശീയമായും അറിയപ്പെടുന്ന വന്ദ്യ ഒസ്ത്താത്തിയോസ് തിരുമേനി, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അസോസിയേഷൻ കൂടുന്നതിന് പ്രതിബന്ധം സൃഷ്ടിച്ചതു പാത്രീയർക്കീസ് വിഭാഗമല്ലെന്നും ഓർത്തഡോക്സ് സഭയിലെ ഉത്തരവാദിത്വമുള്ള വരും ഉൾപ്പെട്ട ഒരു ചെറിയ വിഭാഗം വ്യക്തികൾ ആയിരുന്നു എന്ന അർത്ഥത്തിൽ സൂചിപ്പിച്ചതും തികച്ചും സത്യമായി തന്നെ തോന്നുന്നു. ഈ പ്രഖ്യാപനത്തിന്റെ ദുരൂഹതയുടെ കൈവിരൽ ചൂണ്ടുന്നതു പാടശേഖരങ്ങളിൽ മടകെട്ടി വെള്ളം കലക്കി മീൻ പിടിയ്ക്കുന്നതായിട്ടോ ഒഴുക്കു കുറഞ്ഞ നദികളിൽ നഞ്ചു കലക്കി മീൻ പിടിയ്ക്കുന്നതായിട്ടോ തോന്നിയ്ക്കപ്പെടുന്നു.

ഓർത്തഡോക്സ് സഭയിൽ സമാധാന അന്തരീക്ഷം താത്ക്കാലികമായി പുനഃസ്ഥാപിയ്ക്കപ്പെട്ടെങ്കിലും അവ്യക്തങ്ങളായ അനേക ചോദ്യങ്ങൾ അവശേഷിക്കുന്നു. അനേകലക്ഷം ജനങ്ങൾ ആരാധിക്കുന്ന, അനന്തമായ ചക്രവാളസീമയേയും അതിലംഘിച്ചു വിശാലമായി പരന്നു പന്തലിച്ചു നിൽക്കുന്ന ദൃഢമായ ഒരു സമൂഹത്തെ, നിരുപാധീനം ആർത്ത സങ്കടത്തിൽ ആഴ്ത്തുവാൻ വെറും സാധാരണക്കാരായ രണ്ടു വ്യക്തികൾക്കു ആര് ആത്മബലം നൽകി? മനോധൈര്യം ആര് പകർന്നുകൊടുത്തു? സർവ്വോപരി ലക്ഷങ്ങളായോ കോടികളായോ ഉള്ള സാമ്പത്തിക സഹായം എവിടെ നിന്നും ലഭിച്ചു? വീണ്ടും കരാളദിനങ്ങളിലേയ്ക്കു നാം അത്യധികം സ്നേഹിക്കുന്ന, സേവിക്കുന്ന സഭ വലിച്ചിഴയ്ക്കപ്പെടുമോ?

അമേരിക്കയിൽ ഫിലാഡൽഫിയായിലുള്ള സെന്റ്മേരീസ് കത്തീഡ്രൽ വികാരി ഫാദർ സി. ജെ. ജോൺസൺ അച്ചനും ഇപ്പോൾ സഭയിൽനിന്നും വിലക്കു വാങ്ങിയിട്ടുള്ള ഫാദർ പി. സി. ഗീവർഗീസ് കത്തനാരുമായി ഇരുപത്തി അഞ്ചിലധികം വർഷമായി ഉറ്റ മിത്രങ്ങളാണ്. ഫാദർ ജോൺസൺ അമേരിക്കയിൽ ഇമിഗ്രേഷൻ കിട്ടുവാനും തുടർന്നു അമേരിയ്ക്കൻ ഭദ്രാസനത്തിൽ ചില സ്ഥാനമാനങ്ങൾ ലഭിയ്ക്കുവാനും ഫാദർ പി. സി. ഗീവർഗീസ് നിയമവിരുദ്ധമായും ക്രമാതീതമായും സഹായിച്ചിട്ടുണ്ട്. ഈ രണ്ടു പട്ടക്കാരുടെയും സ്നേഹബന്ധം ദൃഢമായിതന്നെ ഇപ്പോഴും തുടരുന്നു.

ഫാദർ ജോൺസൺ വികാരി ആയ ഫിലാഡൽഫിയ സെന്റ് മേരീസ് കത്തിഡ്രലിന്റെ ഡിസംബർ 31, 2005 ലെ ബാലൻസ് ഷീറ്റിൽ ഏകദേശം പത്തൊൻപതുലക്ഷം രൂപാ നീക്കിയിരിപ്പുണ്ടായിരുന്നു. തുടർന്ന് 2006 ലേയ്ക്കു പ്രവേശിച്ചതിനുശേഷവും ഇടവകാംഗങ്ങൾ നിരന്തരം സാമ്പത്തീകമായി സ്വന്തം ദേവാലയത്തെ സഹായിച്ചുകൊണ്ടിരുന്നു. ആറു മാസങ്ങൾക്കുശേഷമുള്ള അർദ്ധവാർഷിക പൊതുയോഗത്തിൽ ഫാദർ ജോൺസണിന്റെ സുഹൃത്തായ ട്രഷറർ ജോർജ്ജ് ജേക്കബ് സമർപ്പിച്ച കണക്കിൽ ഭീമമായ ഈ വൻ തുക ജനറൽ ബോഡിയുടേയോ കമ്മറ്റിയുടേയോ അനുമതി ഇല്ലാതെ അപ്രത്യക്ഷമാക്കി.

സുനാമിക്കുവേണ്ടി സെന്റ് മേരീസ് കത്തീഡ്രലിൽനിന്നും പിരിച്ചെടുത്ത നാലരലക്ഷം രൂപാ എവിടെയോ മറഞ്ഞു. പണം അയച്ചു കൊടുത്ത പള്ളികളുടെ ലിസ്റ്റിൽ സെന്റ് മേരീസ് കത്തീഡ്രലിന്റെ വൻതുക ആയ നാലരലക്ഷം രൂപായെ സംബന്ധിയ്ക്കുന്ന യാതൊരു രേഖയും ഇല്ല. അടുത്ത നാളിൽ മൂന്നരലക്ഷം രൂപാ ദരിദ്രർക്കു ഭവന നിർമ്മാണം നിർവ്വഹിക്കുവാൻ വേണ്ടി അയച്ചതായി കണക്കുകൾ പുറത്തുവന്നു. ആ തുകയും എവിടെയോ മറഞ്ഞു.

മർത്തമറിയം സമാജത്തിന്റെ അക്കൗണ്ടിൽ നിന്നും സമാജാംഗങ്ങളുടെ അറിവോ, അനുവാദമോ ഇല്ലാതെ തന്ത്രപൂർവ്വം അഞ്ചു ലക്ഷം രൂപാ കഴിഞ്ഞ വർഷാവസാനം, മുൻ ട്രഷറാർ (2005) മറിയാമ്മ ജോർജിന്റെ സ്ഥാനം നഷ്ടപ്പെട്ട ഉടനെ മുൻ തീയതി വച്ച് ചെക്കിന്റെ സഹായത്തോടെ അടിച്ചു മാറ്റി. ഇപ്പോഴും അതിന്റെ മുറവിളികൾ സമാജാന്തരീക്ഷത്തിൽ അലതല്ലുകയാണ്.

ഇപ്പോൾ സെന്റ്മേരീസ് കത്തീഡ്രലിൽ പരിശുദ്ധ ബാവ തിരുമേനിക്കുവേണ്ടി കട്ടിൽ വാങ്ങിക്കുവാനും കിടക്ക മുറി പണിയാനും വേണ്ടിയുള്ള ഒരു പിരിവ് കൊടുമ്പിരിക്കൊണ്ടു നടക്കുകയാണ്. ഫാദർ ജോൺസണിന്റെ സുഹൃത്തായ ട്രഷറാർ എല്ലാ ഞായറാഴ്ചയും പണ പിരിവിനുവേണ്ടി ഇടവകാംഗങ്ങളെ സമീപിച്ചുകൊണ്ടിരിക്കുന്നു.

ഏതാനും സംവത്സരങ്ങൾക്കു മുമ്പ് ദേവലോകം അരമനയുടെ മുൻപിൽ കവാടം നിർമ്മിക്കുവാൻ വേണ്ടി അമേരിക്കയിലെ പല പള്ളികളിൽനിന്നും മക്കാറിയോസ് തിരുമേനിയും ഫാദർ ജോൺസണും ചേർന്നു പിരിച്ചെടുത്ത ഭീമമായ തുകയിൽ കേവലം ഒരു ലക്ഷം രൂപാ മാത്രം ദേവലോകം ഓഫീസിൽ ഏൽപ്പിച്ചു. അവശേഷിച്ച പത്തു ലക്ഷത്തിലധികം രൂപാ എവിടെ? പണപിരിവ് നടത്തിയതിന്റെ കണക്കുകൾ ആരു സൂക്ഷിക്കുന്നു?.

ഫാദർ ജോൺസൺ ഭദ്രാസന മെത്രാപ്പോലീത്തായുടേയോ പരിശുദ്ധ ബാവാതിരുമേനിയുടേയോ കൽപനകൾ സാധാരണ പള്ളിയിൽ വായിക്കാറില്ല. അദ്ദേഹത്തിനു താല്പര്യമുള്ള ചില കല്പനകൾ മാത്രം വായിക്കും. ഭദ്രാസന അസംബ്ലിയിലേക്കുള്ള പ്രതിനിധികളെ തിരഞ്ഞെടുക്കുകയോ ആയതിനുവേണ്ടിയുള്ള കൽപന പള്ളിയിൽ വായിക്കുകയോ ചെയ്തിട്ടില്ല. സഭ അനുശാസിക്കുന്ന രീതിയിൽ പ്രതിനിധികളെ തിരഞ്ഞെടുത്തയച്ചാൽ ഫാദർ ജോൺസണിന്റെ അഴിമതികൾ മറ്റുള്ള ഇടവകക്കാരെ അറിയിക്കുമെന്ന ഭയം അത്യധികമായി അലട്ടുന്നതിനാലാണ് ആരേയും അയയ്ക്കാത്തതെന്ന് അച്ചന്റെ ചില സുഹൃത്തുക്കൾ സൂചിപ്പിച്ചു.

സെന്റ് മേരീസ് കത്തീഡ്രലിലേക്കുള്ള 2006 ലെ ബഡ്ജറ്റ് പൊതുയോഗത്തിൽ പണ വിനിയോഗം നടത്തേണ്ടത് ഇടവകയിലെ അംഗങ്ങളുടെ ആവശ്യാനുസരണം ആകണമെന്നും, ആയതിനുവേണ്ടി ജനായത്തരീതിയിൽ വോട്ടിന്റെ സഹായത്തോടു കൂടി ഭൂരിപക്ഷം അംഗങ്ങളുടെ അഭിപ്രായാനുസരണം ആകണമെന്നും ആവശ്യപ്പെട്ടെങ്കിലും ഫാദർ ജോൺസണിന്റെ പള്ളി കമ്മറ്റി അംഗമായ അച്ചന്റെ അനുജനായ സാബു ജോൺസണും ചേർന്ന് അവർ ഉദ്ദേശിച്ചതുപോലെയുള്ള തുകകൾ സെക്രട്ടറി വി. സി. ജോർജ്ജിന്റെ സഹായത്തോടെ മിനിറ്റ്സിൽ എഴുതിചേർത്തു. ഇടവകയിലെ സമാധാന കാംഷികളായ ഇന്ത്യക്കാർ പരസ്യമായ യുദ്ധത്തിനു പുറപ്പെടാതെ ഒപ്പു ശേഖരണം നടത്തി ഇടവക മെത്രാപ്പോലീത്തായ്ക്കും പരിശുദ്ധ ബാവാ തിരുമേനിക്കും കത്തുകൾ സമർപ്പിച്ചു. പരദേശികളായി അമേരിക്കൻ

*(ശേഷം 8-ാം പേജിൽ)*

# അച്ചനും കൊച്ചനും (ഭാഗം 10)

**മാത്തുക്കുട്ടിച്ചായൻ**

**(പാത്രിയർക്കീസ് വിഭാഗത്തിലെ ഒരു വൈദികനും 'കേഫ'യിലെ അംഗമായ ഒരു കുട്ടിയുമായുള്ള നർമ്മ സംഭാഷണം)**

കൊച്ചൻ: അച്ചോ പരുമല അസ്സോസിയേഷനും പുതുപ്പള്ളി സ്വീകരണവും വൻ വിജയമായല്ലോ?

അച്ചൻ: അത് യോഗിവര്യനായ ദിദിമോസ് ബാവായുടെ പ്രാർത്ഥനയും അത്മായരുടെ സഭയോടുള്ള ആത്മാർത്ഥതയുമാണ്.

കൊച്ചൻ: ഞാൻ പറഞ്ഞുകേട്ടത് ദിദിമോസ് ബാവായെ പത്തനാപുരത്തേക്ക് അയച്ചശേഷം പുതിയതായി ദിദിമോസ് രണ്ടാമനെ തോമ്മാ സിംഹാസനത്തിലിരുത്തും എന്നാണ്.

അച്ചൻ: അതായിരുന്നു നമ്മുടെയും, നമ്മോടൊപ്പം ദിദിമോസ് ബാവായ്ക്കെതിരെ കേസ് നടത്തിയ ഓർത്തഡോക്സുകാരുടെയും ലക്ഷ്യം.

കൊച്ചൻ: ആ കേസ്സ് തള്ളിപ്പോയതാ ഈ കുഴപ്പം മുഴുവൻ.

അച്ചൻ: അതെ. അപ്രതീക്ഷിതമായി ദൈവനിയോഗം പോലെ വിധി വന്നപ്പോൾ നമ്മളേക്കാൾ അധികം ഞെട്ടിയത് ഓർത്തഡോക്സിലെ പ്രമുഖരാ.

കൊച്ചൻ: ഓർക്കാപ്പുറത്ത് വന്ന ദൈവനിയോഗത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത ചില എട്ടുകാലി മമ്മൂഞ്ഞുമാർക്ക് ഈയിടെയായി ആത്മായ സംഘടനകളോട് അവജ്ഞയാണത്രേ.

അച്ചൻ: എടാ, ഓർത്തഡോക്സിലെ സഭാസ്നേഹികൾക്കു മനസ്സിലായി 1995 നു ശേഷം ചില സഭാസ്ഥാനികളും, ചില പ്രമാണിമാരും, ഒന്നിലധികം സ്ഥാനമാനങ്ങൾ സഭാതലത്തിൽ വഹിക്കുന്നവരും, സഭ വക സ്ഥാപനത്തിലെ ഉന്നത സ്ഥാനമോഹികളും ട്രസ്റ്റ് ഉടമകളും സഭയെ അവരുടെ ഉന്നമനത്തിന് ഭിന്നിപ്പിക്കുന്നു എന്ന്. കേസ്സുകൾ തീർക്കാത്തതും തീർന്നവ നടപ്പാക്കാത്തതും, സമാധാനം വേണ്ട, പങ്കു വയ്ക്കാം എന്നു പറയുന്നതും, ദിദിമോസ് ബാവായ്ക്കെതിരെ കേസ്സ് കൊടുത്തതും ഒക്കെയാ ഈ അൽമായ സംഘടനകളെ വളർത്തിയത്.

കൊച്ചൻ: രണ്ടുമൂന്നു ദശാബ്ദക്കാലമായി ഈ മാന്യന്മാർ ഈ നിലപാട് സ്വീകരിച്ചതുകൊണ്ടല്ലേ ഇന്ന് സകല നിയമങ്ങളും ഉത്തരവും ലംഘിച്ച് നമ്മളും പുത്തൻകുരിശ് സഭയായി രൂപാന്തരപ്പെട്ടത്.

അച്ചൻ: ഒരു പരിധി വരെ നീ പറയുന്നതു ശരിയാ. നമുക്ക് ശക്തി പകർന്നത് അവരുടെ ആളുകൾ നടത്തുന്ന പത്രത്തിന്റെ ഉടമകളും, അവരുടെ ഭരണാധികാരികളും തന്നെ.

കൊച്ചൻ: ഇവരെ ഒക്കെ വിമർശിക്കുന്ന ഈ അൽമായവേദിക്കാരെ എനിക്ക് പുച്ഛമാണ്. ഇവർ പി. സി. ഏബ്രഹാം, മക്കാറിയോസ് തിരുമേനി, മണ്ണാറപ്രാ അച്ചൻ, ഡോ. എൻ. എം. മത്തായി എന്നിവരെ വിമർശിക്കുകയും നമ്മുടെ കൂടേന്ന് ചാടിപ്പോയ തൃശൂർ മിലിത്തോസ്, അത്താനാസിയോസ് എന്നിവരെ പിൻതാങ്ങുകയും ചെയ്യുന്ന വിവരദോഷികളാ.

അച്ചൻ: ഈയിടെ ദേവലോകത്തെ ശീതളച്ഛായയിൽ കയറിപ്പറ്റിയ കൊച്ചച്ചന്മാ രും അൽമായവേദിക്കാരോടു പറഞ്ഞു ദേവലോകം വഴി കയറി നിരങ്ങിയാൽ...... അവന്മാർ വിരണ്ട് ഓടി.

കൊച്ചൻ: അച്ചോ, അതിലൊരു അച്ചൻ നമ്മുടെ പ്രമുഖ പള്ളിയിലെ ശുശ്രൂഷക്കാരനും മുമ്പ് കേഫാ അംഗത്വമുള്ളയാളുമായിരുന്നു. ആ വീര്യം കാട്ടിയതാ.

അച്ചൻ: അതവരുടെ പ്രശ്നം. അതിൽ ഇടപെടേണ്ട ആവശ്യമില്ല. എന്തായാലും നിയമപരമായും ഉത്തരവുപ്രകാരവും ദിദിമോസ്സ് ബാവാ തന്നെയാണ് കാതോലിക്കാ. നിയുക്തബാവാ മാർ മിലിത്തിയോസ്സും. ഈ നടപടി നമുക്ക് ഏറ്റ അടി തന്നെ.

കൊച്ചൻ: നമ്മുടെ ബാവാ ഒരു പണച്ചെലവും, കോടതി ഉത്തരവും ഇല്ലാതെ ആയിരങ്ങളുടെ ആരവത്തിനിടയിൽ പെരുമഴയത്ത് പെരുവഴിയിൽ ഇരുന്നും കിടന്നും ഏകപക്ഷീയമായി ഗ്രീഗോറിയോസ് തിരുമേനിയെ നിയുക്തനായി പ്രഖ്യാപിച്ചു വിൽപത്രവും എഴുതി. ഓർത്തഡോക്സുകാർ ഒരു നിയുക്തനെ എടുക്കാൻ എത്ര രൂപ കേസ്സിനും അസ്സോസിയേഷനും മുടക്കി.

അച്ചൻ: മിലിത്തിയോസ്സ് തിരുമേനിക്കു വേണ്ടി പത്രിക നല്കിയത് പുതുപ്പള്ളിയിലെ അൽമായവേദി പ്രവർത്തകരായ അസ്സോസിയേഷൻ അംഗങ്ങളാണെന്നാ കേൾക്കുന്നത്.

കൊച്ചൻ: പുതുപ്പള്ളി, പാമ്പാടി, വാകത്താനം എല്ലാമുണ്ട് അച്ചാ.

അച്ചൻ: പുതുപ്പള്ളിയിലെ ഏതോ ഒരു പള്ളിയിലെ ഒരു അസ്സോസിയേഷൻ മെമ്പർ പറഞ്ഞു, മിലിത്തിയോസ് തിരുമേനിക്ക് ഒപ്പിടില്ല, കുഞ്ഞൂഞ്ഞ് പറഞ്ഞാൽ ഒപ്പിടാം, നാളെ വാ എന്ന്. പ്രായമുള്ള തിരുമേനിമാർക്കാ ഈ പോസ്റ്റ് നല്ലത് എന്നാണ് അങ്ങേരു പറയുന്നത്.

കൊച്ചൻ: ആ സാർ നമ്മുടെ അനുഭാവിയായിരിക്കും.

അച്ചൻ: എന്തായാലും മിലിത്തിയോസ്സും തൃശൂർ മിലിത്തോസും തമ്മിലടിച്ചാൽ സംഗതി ഒക്കും.

കൊച്ചൻ: ഇല്ലച്ചാ. അവർ ഇരുവരും ഒന്നിച്ചാ കത്തിപ്പാറത്തടം അച്ചനെ കാണാൻ കോലഞ്ചേരി ആശുപത്രിയിൽ പോയത്.

അച്ചൻ: നിയുക്തൻ കുന്നംകുളംകാരനല്ലേ. കുന്നംകുളം തിരുമേനിമാരാ എം. ഡി., പഴയസെമിനാരി എല്ലാം ഉണ്ടാക്കിയത്. ഇദ്ദേഹവും ദിദിമോസ് ബാവായും കൂടി നമ്മുടെ കൈവശമുള്ള സഭ വക സ്ഥാപനങ്ങളേയും നമ്മളേയും ഒന്നിച്ചാക്കും. സൂക്ഷിക്കണം.

കൊച്ചൻ: സി. ജെ. ജോർജച്ചൻ പറയുന്നു യഥാർത്ഥ കാതോലിക്കാ ദിദിമോസ് ബാവായാണെന്നും പുത്തൻകുരിശ് ബാവായും, റീത്തുബാവായും, പോപ്പിന്റെയും, പാത്രിയർക്കീസിന്റെയും കീഴ്സ്ഥാനികളായ മഫ്രിയാനാ ആണെന്നും. കാതോലിക്കാ പോപ്പിനും, പാത്രിയർക്കീസിനും തുല്യനാണത്രേ.

അച്ചൻ: നിയമപരമായി ശരിയാ. പണ്ട് പാരഗൺ ചെരിപ്പിന് ഡ്യൂപ്ലിക്കേറ്റ് ചെരിപ്പുണ്ടാക്കി എംബ്ലവും, ഒക്കെ ഏകദേശം ഒന്നു തന്നെ. എന്നാൽ ചില്ലറ അക്ഷരപിശക് മാത്രമാണ് ഡ്യൂപ്ലിക്കേറ്റിനെ കണ്ടുപിടിക്കാൻ ഉള്ളൂ. അതുപോലെ ബോബനും മോളിക്കും രണ്ടു പ്രസാധകർ അവകാശിയായി വന്നു. ഈ രണ്ടു പ്രശ്നവും കോടതി തീർത്തു.

കൊച്ചൻ: സുപ്രീംകോടതി പറഞ്ഞതല്ലേ കാതോലിക്കായും, സഭയും ഭരണഘടനയും ഓർത്തഡോക്സുകാരുടേതാണെന്ന്. അവരുടെ നേതാക്കന്മാർ കേസ്സ് നടത്തി എടുക്കാത്തതിന് നമ്മുടെ 2002 ലെ സഭ എന്തു പിഴച്ചു. ❑

# പള്ളി സെമിത്തേരി പൊളിച്ചുമാറ്റാൻ പഞ്ചായത്ത് പ്രമേയം

പുതുപ്പള്ളി: പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയുടെ സെമി ത്തേരി പൊളിച്ചുമാറ്റണമെന്നാവശ്യപ്പെട്ട് യു. ഡി. എഫ്. നേതൃത്വത്തിലുള്ള പഞ്ചായത്ത് കമ്മറ്റി പ്രമേയം പാസാക്കി. മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ പി. എ. ആയിരുന്ന പഞ്ചായത്തംഗം നെബുവാണ് പ്രമേയം അവതരിപ്പിച്ചത്. സെമിത്തേരി സമീപവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്ന് ചൂണ്ടിക്കാട്ടിയാണ് പ്രമേയം അവതരിപ്പിച്ചത്. ഉമ്മൻചാണ്ടിയും ഈ പള്ളിയിലെ ഇടവകാംഗമാണ്. പ്രമേയം പാസായതോടെ കോൺഗ്രസ് പ്രവർത്തകർ നെബുവിന് അഭിവാദ്യമർപ്പിച്ച് പോസ്റ്ററുകളും പതിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ തീരുമാനത്തി നെതിരെ ഇടവകാംഗങ്ങൾക്കിടയിൽ പ്രതിഷേധം ശക്തമായിട്ടുണ്ട്.

**(ദേശാഭിമാനി ദിനപ്പത്രം, 2006 ഒക്ടോബർ 18 ബുധൻ)**

# ഹാരാർപ്പണം നടത്തി

പുതുപ്പള്ളി: പ. പിതാവിനും, നിയുക്ത പിതാവിനും ചങ്ങനാശ്ശേരിയിൽ ശ്രീ. റോയി മാത്യു ചിറയിലും, തെങ്ങണായിൽ വർഗീസ് റ്റി. ഏബ്രഹാമും, നാലുന്നാക്കലിൽ തോമസ് പിള്ളച്ചിറയും ഞാലിയാകുഴിയിൽ തോമസ് കോര കുളത്തിങ്കലും കൊച്ചാലുംമൂട്ടിൽ പീലിപ്പോസ് കുളത്തിങ്കലും, പുതുപ്പള്ളിയിൽ പ്രസിഡണ്ട് കെ. വി. ഏബ്രഹാം കൊടുവത്തും അൽമായവേദിക്കുവേണ്ടി ഹാരാർപ്പണം നടത്തി സ്വീകരിച്ചു.

# അൽമായവേദിയോടുള്ള സഹകരണം നല്ലതോ?

## ഫാ. സി. ജെ. ജോർജ് തുമ്പമൺ

ഈ ചോദ്യം ചിലരൊക്കെ എന്നോടു ചോദിക്കാറുണ്ട്. ഹ്യസ്വമായ മറുപടി അവരോടെല്ലാം പറഞ്ഞിട്ടുണ്ടെങ്കിലും ഉത്തരം പൊതുവെ ഒന്നെഴുതിയാൽ ചോദ്യങ്ങൾ കുറയുമെന്നതിനാൽ എഴുതുകയാണ്.

സഭ ആരുടേതാണെന്ന് പ. ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനി അന്ന് വൈദിക സെമിനാരിയിൽ പഠിച്ചിരുന്ന ശെമ്മാശന്മാരോടു ചോദിച്ചു. ഉത്തരം പറവാൻ എല്ലാവരും ഭയം കൊണ്ട് മടിച്ചുനില്ക്കുമ്പോൾ ഞാൻ പറഞ്ഞു, സഭ ദൈവത്തിന്റേതാണെന്ന്. അടുത്ത ചോദ്യം ദൈവം ആരുടേതെന്നതായി. നമ്മുടേത് എന്ന് മറ്റൊരു ശെമ്മാശൻ പറഞ്ഞു. പ. ബാവാ അതും സമ്മതിച്ചില്ല. കല്പിച്ചു, ദൈവം (സഭ) എന്റേതാണെന്ന് ഓരോരുത്തരും പറയണം. എന്റേതിനോടുള്ളത്ര സ്നേഹവും മമതയും അടുപ്പവും മറ്റുള്ളവരുടേതിനോടുണ്ടാവില്ല. അതുകൊണ്ട് ദൈവം (സഭ) എന്റേതാണെന്നു തന്നേ പറയാവൂ; പഠിപ്പിക്കാവൂ. എനിക്കുള്ളത്രയും ഉടമസ്ഥത സഭയോട് എല്ലാവർക്കുമുണ്ട്. സഭ എന്റേതാണെന്ന് സഭയിൽ പെട്ട ഓരോരുത്തർക്കും പറയാം. 1. കൊരി. 3. “ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ, നിങ്ങൾ ദൈവത്തിന്റെ കൃഷി.” ഇത്രയും വ്യത്യാസമേ പട്ടക്കാരും വിശ്വാസികളും തമ്മിലുള്ളു എന്ന് കല്പിച്ചു. കൃഷിയുടെ മേൽ, കൃഷി ചെയ്തവന് രാവും പകലും നോട്ടം വേണം. മേല്പട്ടക്കാർക്കും പട്ടക്കാർക്കും കൃഷിയെ നോക്കാതിരിപ്പാൻ പാടുള്ളതല്ല. എന്റേതാണു ദൈവം എന്നു വിവരിക്കുന്ന പല വാക്യങ്ങളും വേദത്തിലുണ്ട്. ഈ ബന്ധത്തിൽ വിശ്വസിക്കുന്ന ഒരു പട്ടക്കാരന് വിശ്വാസികളിൽനിന്നും അകന്നിരിപ്പാൻ കഴിയുകയില്ല. കർത്താവിന്റെ മഹാപുരോഹിത പ്രാർത്ഥന (യോഹ. 17) ഇതിനുദാഹരണമാണ്. ഓരോ മേല്പട്ടക്കാരനും പട്ടക്കാരനും അൽമായക്കാരോട് ബന്ധമുള്ളവരായിരിക്കണം. പണക്കാരോടു മാത്രം ബന്ധം പോരാ.

1. അൽമായക്കാർ സഭയെ സ്നേഹിക്കുന്നവരും സഭയുടെ കെട്ടുപണിക്കായി ഉദാരമായി നൽകുന്നവരുമാണ്. അൽമായക്കാരില്ലെങ്കിൽ സഭയില്ല. മേല്പട്ടക്കാരും പട്ടക്കാരും മാത്രമുള്ള ഒരു സഭയും ലോകത്തെങ്ങുമില്ല. നമ്മുടെ പട്ടക്കാരെയും മേല്പട്ടക്കാരെയും അയ്മേനികൾ സ്നേഹിക്കുന്നു, ആദരിക്കുന്നു, ബഹുമാനിക്കുന്നു. ഉദാരമായി നൽകുകയും ചെയ്യുന്നു.

2. വിശ്വാസികൾ എന്നാണ് അൽമായക്കാരുടെ വേദനാമം. പരിശുദ്ധന്മാർ എന്നും പേരുണ്ട്. അ. പ്ര. 4:32. വിശ്വസിച്ചവരുടെ കൂട്ടം, ഏകമനസ്സും, ഏക ഹൃദയവും ഉള്ളവരായിരുന്നു. പിന്നെ എങ്ങനെയാണ് ഭിന്നതകൾ ഉണ്ടായതെന്ന് വിസ്തരഭയത്താൽ പറയുന്നില്ല. അധികവും നേതാക്കളുടെ സ്വാർത്ഥതയാൽ ആണെന്നു സ്പഷ്ടം.

3. പള്ളികൾ, ആശുപത്രികൾ, അനാഥാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മുതലായവയ്ക്കെല്ലാം സഹായഹസ്തം നീട്ടി സഹായിച്ചത് സത്യവിശ്വാസികളാണ്. ഈ സത്യം മറന്ന് ഇന്ന് ഭരണത്തിൽ വരുന്നവർ പ്രവർത്തിക്കുന്നത് സഭയ്ക്കു ദോഷം ചെയ്യുന്നു. പലരും സഭ വിട്ടുപോകുന്നു. കൊടുക്കേണ്ട പ്രകാരം കൊടുക്കുന്നില്ല.

4. വിവിധ കാരണങ്ങളാൽ സഭയെ തള്ളിപ്പറഞ്ഞ്, ഇതര സഭകളിൽ ചേർന്നവരൊഴികെ ഇന്നു സഭയിൽ 25 മെത്രാച്ചന്മാരും 2500 പട്ടക്കാരും 27 ലക്ഷത്തിലധികം ജനങ്ങളുമുണ്ട്. ഇവരിൽ അധികം പേരും പരാതിക്കാരാണ്.

5. പട്ടക്കാർ വിശ്വാസികൾക്കു വേണ്ടിയും മെത്രാച്ചന്മാർ പട്ടക്കാർക്കും, അൽമായക്കാർക്കു വേണ്ടിയും ജീവിക്കണം. പ്രവർത്തിക്കണം. പട്ടക്കാർ രോഗികളായ ഇടവകക്കാരെയും മേല്പട്ടക്കാർ രോഗികളായ പട്ടക്കാരെയും പോലും സന്ദർശിക്കാറില്ല. എല്ലായിടത്തും ഇതൊരു വിമർശനമാണ്.

6. വെള്ളം പോകുന്നതുവരെയേ മീനും പോകയുള്ളു എന്നു പറയുന്നതുപോലെ വിശ്വാസികൾ എവിടെയെല്ലാം പോയിട്ടുണ്ടോ അവിടെയെല്ലാം പട്ടക്കാരും പിന്നാലെ മെത്രാന്മാരും പോയിട്ടുണ്ട്. മക്കാറിയോസ് മെത്രാച്ചനെപ്പറ്റി ഇത്രയേറെ വിമർശനമുണ്ടാകാൻ കാരണം ഏറ്റം ഒടുവിൽ യു. എസ്. എ.യിൽ ചെന്ന തിരുമേനി ആദികാലങ്ങളിൽ കഷ്ടപ്പെട്ട ആളുകളെയും പട്ടക്കാരെയും അധികാരത്തിന്റെ ഭാഷയിൽ മാത്രം കൈകാര്യം ചെയ്യാൻ ആരംഭിച്ചപ്പോഴാണ്. തിരുമേനി ഒരു വിജയമാണെന്ന് അമേരിക്കാ, കാനഡാ മുതലായ ഭദ്രാസനങ്ങളിൽ ഉള്ളവർ പോലും പറയുന്നില്ല. സുന്നഹദോസിലും തന്റെ ഒരു വോട്ടേ കിട്ടിയുള്ളുവല്ലോ.

7. പണ്ട് മാധ്യമങ്ങൾ കുറവായിരുന്നു. ഈ യുഗത്തിൽ ഒരു വാർത്ത ലോകത്തിന്റെ ഏതു ഭാഗത്തെത്താനും 5 നിമിഷം മതി. നമ്മുടെ കുറവുകൾ വളരെ വേഗം വ്യാപിക്കും. ചെയ്യേണ്ടതു പലതും 1958 ന് ശേഷം (1995 നു ശേഷം) ചെയ്തില്ല. രണ്ടു പ്രാവശ്യം ജയിച്ച സഭ ദയനീയമായി പരാജയപ്പെട്ടപ്പോൾ സഭയെ സ്നേഹിക്കുന്നവർ സഹിച്ചില്ലെങ്കിലും നേതൃത്വം ചലിച്ചില്ല. ഈ കാലത്താണ് അൽമായസംഘടന രൂപപ്പെട്ടത്.

8. പ. മാർത്തോമ്മാ മാത്യൂസ് ദ്വിതീയന്റെ കാലത്ത് പ്രായം കാരണം ഒന്നും ചെയ്യാനാവാതെ വന്നിട്ടും, സ്ഥാനത്തു തുടർന്നതും കേസു കാര്യം വിസ്മരിച്ചതും സഭാമക്കളിൽ കൊടുംകാറ്റുണ്ടാക്കിയിട്ടും നേതൃസ്ഥാനം അനങ്ങാപ്പാറ നയം കൈക്കൊണ്ടത് അൽമായ സംഘടനയുടെ വളർച്ച വേഗമാക്കി.

9. പാത്രിയർക്കീസിന്റെ വരവ്, മൂറോൻ കാച്ചൽ, അസോസിയേഷൻ കൂടൽ, പല പള്ളികളിലും പ്രവേശിച്ചത്, നാം ഇവയെ എതിർക്കാതിരുന്നത്, നമ്മോടു ചേർന്ന പലരും തിരിച്ചുപോയത് ഇവ എല്ലാം നേതൃത്വത്തിന് നിസ്സാരമായിരുന്നെങ്കിലും സഭയെ സ്നേഹിക്കുന്നവരെ ആഴത്തിൽ മുറിപ്പെടുത്തിയതിന്റെ ഫലമാണ് അൽമായസംഘടന.

10. ‘നാം മുന്നോട്ട്’ എന്ന സഭാ സെക്രട്ടറിയുടെ ലേഖനം ദേവലോകത്തു പോലും എതിർപ്പുണ്ടാക്കി. അല്പമെങ്കിലും ആത്മാർത്ഥത ആ ലേഖനത്തിൽ ആർക്കും കാണാനായില്ല. അൽമായസംഘടന ഉണ്ടാകുവാൻ ഒരു കാരണമാണാ ലേഖനങ്ങൾ.

11. ലിസ്റ്റിലുള്ള ഒരു പള്ളിയിലും അവകാശികൾക്ക് പ്രവേശിപ്പാൻ സാധിക്കാത്ത ചുറ്റുപാടിൽ, അവകാശമില്ലാത്തവർ പൂട്ടാത്ത പള്ളികളിൽ പലതിലും കയറി വിഹരിക്കുന്നത് കൈയും കെട്ടി നോക്കി നില്ക്കുന്നതു കാണേണ്ടിവന്ന ഓർത്തഡോക്സുകാരന്റെ ഹൃദയത്തുടിപ്പാണ് അൽമായ സംഘടന (മണർകാട്, കോതമംഗലം തുടങ്ങിയവ ഉദാഹരണം).

12. വൈദികസെമിനാരി പ്രശ്നം, മെത്രാൻ തെരഞ്ഞെടുപ്പിലെ പ്രശ്നങ്ങൾ, മെത്രാസന വിഭജനത്തിലെ പ്രശ്നങ്ങൾ, മറുഭാഗത്തുനിന്നും നമ്മോടു കൂടി ചേർന്നവരുടെ പ്രശ്നങ്ങൾ, ഒരു ഒതളങ്ങ ഒഴുകിപ്പോയത്, നമ്മുടെ ഉടമസ്ഥതയിലുള്ള ആലുവാ തൃക്കുന്നത്തു സെമിനാരി പ്രശ്നങ്ങൾ, ഇങ്ങനെ ഒട്ടുവളരെ പ്രശ്നങ്ങളുടെ തിരത്തള്ളലുകളാണ് ഈ സംഘടന ആവശ്യമായി വന്നത്.

13. മലങ്കരസഭാ മാനേജിംഗ് കമ്മറ്റി പോലീസ് പ്രൊട്ടക്ഷനിൽ നടത്തിയ ഒരു ചരിത്രം ഈ കാലത്തല്ലാതെ ഉണ്ടായിട്ടില്ല. മുമ്പ് മലങ്കര മെത്രാപ്പോലീത്താ/കാതോലിക്കാ എഴുന്നേറ്റു കഴിഞ്ഞാൽ ഏതു രംഗവും ശാന്തമാകുമായിരുന്നു. നിർവ്യാജം സഭയെ സ്നേഹിക്കുന്നവർക്കിതൊക്കെ സഹിക്കാൻ പറ്റുമോ.

14. മെത്രാപ്പോലീത്താമാരുടെ സ്ഥലം മാറ്റം, പെൻഷൻ ഇവയും, 50 പള്ളികൾ ഉൾക്കൊള്ളിച്ച് മെത്രാസന വിഭജനവും താമസംവിനാ നടത്തണം.

15. നമ്മുടെ പട്ടക്കാരിൽ ബഹുഭൂരിപക്ഷവും ഈ ആശയങ്ങളോടു യോജിക്കുന്നവരാണ്. പക്ഷേ അവർ ആരെയോ ഭയപ്പെടുന്നു. ഭയമാണവരെ ഭരിക്കുന്നത്. അവരിൽ പലർക്കും സഭയെക്കാളുപരി സ്ഥാപിത താല്പര്യങ്ങളാണുള്ളത്. വലിയപള്ളിയാണ് ലക്ഷ്യം. സ്തുതിപാഠകന്മാർക്ക് വലിയ പള്ളിയും മറ്റും നൽകുന്ന രീതി നമ്മുടെ ചില മെത്രാച്ചന്മാർക്ക് ഉണ്ടെന്നും കേൾക്കുന്നു. മനുഷ്യൻ ബലഹീനനല്ലേ. ‘ജോർജുകുട്ടി’യ്ക്കാണ് പലരുടെയും ഉള്ളിൽ തൂക്കം കൂടുതൽ, നസറായനല്ല.

ഈ ചുറ്റുപാടിലാണ് തങ്ങളുടെ കൂടെ ചേരണമെന്നല്ല, ആവശ്യമായ ഉപദേശങ്ങൾ നൽകി സഹായിക്കണമെന്ന് അൽമായ സംഘടനയിൽ ചിലർ ആവശ്യപ്പെട്ടപ്പോൾ സ്വീകരിപ്പാനെന്റെ മനഃസാക്ഷി എനിക്കു പ്രേരണ നൽകിയത്. ആബൂൻ ദിദിമോസിനെ കോടതിയിൽ വച്ചു കാണാം, സഭയ്ക്ക് റിസീവരെ നിയമിക്കണം, പാസു ബുക്കുകളും ചെക്കുബുക്കുകളും കോടതി യിൽ ഹാജരാക്കണം എന്നാവശ്യപ്പെട്ടു കേസു കൊടുത്ത ഫാ. പി. സി. ഗീവറുഗീസിനെ മുടക്കണമെന്നാണ് അൽമായ സംഘടന പറയുന്നത്. സ്വന്ത പണം ചെലവാക്കി ഇതെല്ലാം അവർ ചെയ്യുന്നത് പ. കാതോലിക്കാ സിംഹാസനത്തിന്റെ വിജയത്തിനാണ്. എല്ലാ ബ. വൈദികരും അൽമായ സംഘടനയെ കരുതണമെന്നപേക്ഷിക്കുന്നു. പ. കാതോലിക്കാ സിംഹാസനം നീണാൾ വാഴട്ടെ.


**അൽമായവേദി**

**അഖില മലങ്കര ഓർത്തഡോക്സ് അത്മായവേദിയുടെ മുഖപത്രം**

**വാർഷിക വരിസംഖ്യ: 100 രൂപ (ഇന്ത്യയിൽ)**

വിലാസം: **AKHILA MALANKARA ORTHODOX ALMAYA VEDI, Post Box No. 652, Kottayam 686 001**


# നിയുക്ത മെത്രാന്മാർക്ക് വേണ്ട യോഗ്യതകൾ

## കെ. യു. ഫീലിപ്പോസ്, തോട്ടയ്ക്കാട്

1. സൽസ്വഭാവിയും സൽഗുണസമ്പൂർണ്ണനും യാതൊരു തരത്തിലുള്ള ആരോപണങ്ങൾക്കും വിമർശനങ്ങൾക്കും വിധേയനാകാത്തവനുമായ 45 വയസ്സിൽ താഴെ പ്രായമുള്ള വൈദികൻ.

2. നല്ല സ്വരമാധുര്യമുള്ളതും ഇമ്പകരമായ കുർബാനയും ഗീതങ്ങളും ചൊല്ലുന്നതും നല്ല പ്രസംഗം നടത്തുന്നതുമായ വൈദികൻ. നല്ല ഭരണപ്രാപ്തിയും കഴിവുമുള്ളതുമായ ആൾ.

3. അഞ്ചു വർഷമെങ്കിലും ഇടവക ഭരണം നടത്തിയിട്ടുള്ളതും ഒരു പുസ്തകം എങ്കിലും എഴുതിയിട്ടുള്ളതും പ്രാർത്ഥന, നോമ്പ്, ഉപവാസം ഇവയിൽ നിഷ്ഠയുള്ളതുമായ ആൾ.

4. നല്ല വിദ്യാഭ്യാസവും, വേദപരിജ്ഞാനവും, സഭയുടെ വിശ്വാസസത്യങ്ങൾ നന്നായി അറിയാവുന്നതുമായ ആൾ.

5. ഏതു സമയത്തും സന്ദർശകരെ സ്വീകരിക്കുന്നവനും, ഇരിപ്പിടം കൊടുക്കുന്നവനും നല്ല രീതിയിൽ സംസാരിക്കുന്നവനുമായ ആൾ.

6. കുടുംബ മഹിമയുള്ളവനും, അശേഷം ദ്രവ്യാഗ്രഹം ഇല്ലാത്തവനുമായ ആൾ.

7. കല്ലാശ്ശേരി ബാവാ തിരുമേനിയെപ്പോലെ, പ്രയാസങ്ങളും പ്രതിസന്ധികളും വരുമ്പോൾ തളരാതെയും പതറാതെയും സധൈര്യം സഭയെ നയിക്കുവാൻ കഴിവുള്ള ആൾ.

8. കണ്ടുകാഴ്ചകൾക്കും, പണത്തിനും, സ്വാധീനത്തിനും വഴങ്ങാത്തയാൾ.

9. ദൈവീക സേവനങ്ങൾക്ക് പ്രതിഫലം പറ്റാത്തയാൾ.

10. ഭദ്രാസന ഓഫീസിലെ വിവിധ തുറയിൽപ്പെട്ട ജോലിക്കാരോടും ജീവനക്കാരോടും ഒരുമിച്ച് ഭക്ഷണം കഴിക്കാൻ സന്മനസ്സുള്ള വ്യക്തി.

11. സമ്പാദ്യങ്ങൾ മുഴുവൻ അവസാനം സഭയ്ക്കു നല്കുന്നയാൾ.

12. നിയുക്ത മെത്രാന്റെ മാതാവും പിതാവും ഓർത്തഡോക്സ് സഭയിൽത്തന്നെയുള്ളവർ ആയിരിക്കണം.

13. എല്ലാവരെയും ഒരുപോലെ കരുതുന്നയാൾ.

14. സംസ്കാരശൂന്യമായ പദപ്രയോഗങ്ങൾ പറയാത്തവനും, ജനങ്ങളെ ചീത്ത പറയാത്തവനും, ശപിക്കാത്തവനും ആയിരിക്കണം.

15. സഭയെ സംബന്ധിച്ചും വിശ്വാസത്തെ സംബന്ധിച്ചും ഏതു ചോദ്യങ്ങൾ ചോദിച്ചാലും അപ്പോൾ തന്നെ മറുപടി പറയാൻ കഴിവുള്ളതായ ആൾ ആയിരിക്കണം. പരിപൂർണ്ണ നിക്ഷ്പക്ഷത എവിടെയും പാലിക്കണം.

നമ്മുടെ ഭരണഘടനയനുസരിച്ച് നിയുക്ത മെത്രാനെ തിരഞ്ഞെടുക്കാൻ ബുദ്ധിമുട്ടായിരിക്കുന്നു. അതുകൊണ്ട് ഔദ്യോഗിക പാനൽ തയാറാക്കുവാൻ ഒരു പുതിയ മാർഗ്ഗം സ്വീകരിക്കണം.

മേല്പറഞ്ഞ യോഗ്യതകൾ ഉള്ള ചുരുക്കം വൈദികരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഭദ്രാസന മെത്രാപ്പോലീത്താ സ്വീകരിക്കുകയും അത് പരിശുദ്ധ സുന്നഹദോസിന് സമർപ്പിക്കുകയും ചെയ്യുക. അതിനു ശേഷം ഓരോ ഭദ്രാസനത്തിൽനിന്നും 2 വൈദികരെ മാത്രം ഉൾപ്പെടുത്തി സുന്നഹദോസ് കൂടി ആവശ്യമുള്ളിടത്തോളം പേരെ രഹസ്യമായി തെരഞ്ഞെടുക്കുക. തെരഞ്ഞെടുത്തു കഴിയുമ്പോൾ മാത്രമേ തെരഞ്ഞെടുക്കപ്പെട്ട വൈദികൻ പോലും ഇതറിയാവൂ. അത്രയ്ക്ക് രഹസ്യമായിരിക്കണം. ഒരു തരത്തിലും രാഷ്ട്രീയ രീതിയിൽ തെരഞ്ഞെടുപ്പ് അരുത്. രഹസ്യ മീറ്റിംഗിൽ സംബന്ധിക്കുന്നവർ ഒരിക്കലും രഹസ്യം പുറത്തുവിടരുത്.

# റോയി മാത്യു: അൽമായവേദി ചങ്ങനാശ്ശേരി മേഖലാ കൺവീനർ

ചങ്ങനാശ്ശേരി: അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി ചങ്ങനാശ്ശേരി മേഖലാ കൺവീനറായി ശ്രീ. റോയി മാത്യു ചിറമേലിനെ ഐകകണ്ഠ്യേന തിരഞ്ഞെടുത്തു. കമ്മറ്റി അംഗങ്ങളായി ശ്രീമാന്മാരായ സി. എം. മാത്യു, കോശി വർഗീസ്, ചാക്കോ ഏബ്രഹാം, റ്റി. വി. കുരുവിള, എം. ഡി. ഡാനിയേൽ, രാജു വർഗീസ്, എം. ജി. കുറിയാക്കോസ് എന്നിവരെയും നിയമിച്ചു. ശ്രീ. സി. എം. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അൽമായവേദി പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നിവർ സംബന്ധിച്ചു. ചർച്ചകൾക്ക് ജേക്കബ് ജാതിക്കാടൻ, ബാബു വെട്ടുവേലി, പി. എം. ജോർജ് പാറേക്കടവിൽ എന്നിവർ നേതൃത്വം നൽകി.

**ഓഫ് സൈഡ് – ഓഫ് സൈഡ്**

## നിയുക്ത ബാവായെ ഇങ്ങോട്ടുവിട്!

ദിവസം 2006 ഒക്ടോബർ 12. സമയം രാത്രി 7.30. സ്ഥലം പുതുപ്പള്ളി – വാകത്താനം കരകളുടെ അതൃത്തിയായ കൊച്ചാലുംമൂട്. ബാവായെയും നിയുക്ത ബാവായെയും വഹിക്കുന്ന കാർ അവരെ പുതുപ്പള്ളിയിലേക്ക് ആനയിക്കാൻ തയാറാക്കി നിർത്തിയ രഥത്തിന്റെ അടുത്തുവന്നു നിന്നു. അതോടെ കോരിച്ചൊരിയുന്ന മഴയും തുടങ്ങി. ബാവാമാരെ ആനയിക്കാൻ തയാറായി നിന്ന നസ്രാണി സമൂഹത്തിന്റെ ആവേശമടക്കാൻ മഴയ്ക്കായില്ല. ബാവാമാരെ രഥത്തിലെത്തിക്കാൻ പോലീസ് വലയം സൃഷ്ടിച്ചു. എന്നിട്ടും ഒരു താമസം. ക്ഷീണിതനായ ബാവാതിരുമേനിക്ക് രഥത്തിൽ കയറാൻ ബുദ്ധിമുട്ടാണെന്ന്. ബാവായില്ലേൽ ഞാനുമില്ലെന്ന് എളേബാവാ. ആകെ കൺഫ്യൂഷൻ!

ആവേശംകൊണ്ട് അക്ഷമനായ ഒരു പുതുപ്പള്ളിക്കാരൻ (അതോ വാകത്താനംകാരനോ?) കാര്യം തിരക്കി പ്രശ്നം മനസിലാക്കി കാറിനടുത്തേക്ക് ഇടിച്ചു കയറി നേരെ പറഞ്ഞു: “ബാവായ്ക്കു മേലേ എറങ്ങണ്ട. നിയുക്ത ബാവായെ എറക്കി വിട്!” ആരോ ഞെട്ടി. ശ്രേഷ്ഠ നിയുക്ത ബാവാ രഥത്തിലും കയറി.

## തിരുത്ത്

നിയുക്ത കാതോലിക്കാ തിരഞ്ഞെടുപ്പ് സംബന്ധിച്ച് സെപ്റ്റം. 24 നു കൂടിയ സുന്നഹദോസിൽ താൻ പങ്കെടുത്തില്ലെങ്കിലും അഭാവത്തിന് പ. ബാവാ തിരുമേനിയുടെ മുൻകൂർ അനുവാദം വാങ്ങിയിരുന്നതായും ആലോചനാ വിഷയം സംബന്ധിച്ച് തന്റെ അഭിപ്രായം അറിയിച്ചിരുന്നതായും ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ അറിയിച്ചു. കഴിഞ്ഞ ലക്കത്തിലെ “ഈ പിതാക്കന്മാരുടെ പ്രതിബദ്ധത ആരോട്” എന്ന ലേഖനത്തിൽ വസ്തുതാപരമായ ഒരു പിശകു സംഭവിച്ചതിൽ ഖേദിക്കുന്നു. – പത്രാധിപർ

# രണ്ടു മാലയും രണ്ടാം സ്ഥാനവും

**അൽമായവേദി ന്യൂസ് സർവീസ്**

പരുമല: നിയുക്ത കാതോലിക്കാ സ്ഥാനത്തേക്കു തിരഞ്ഞെടുത്ത പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായ്ക്ക് സഭയിൽ രണ്ടാം സ്ഥാനവും 'ശ്രേഷ്ഠൻ' എന്ന ബഹുമതി നാമവും പ. കാതോലിക്കാ ബാവാ ഔദ്യോഗികമായി നൽകി.

ഒക്ടോബർ 12 നു നടന്ന അസ്സോസിയേഷനിൽ മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായെ പൗരസ്ത്യ കാതോലിക്കായുടേയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി പ്രഖ്യാപിച്ച ഉടൻ പ. ബാവായും വേദിയിലിരുന്ന മുഴുവൻ മെത്രാപ്പോലീത്താമാരും എഴുന്നേറ്റു നിന്നു. തുടർന്ന് പ. ബാവാ, നിയുക്ത കാതോലിക്കായ്ക്ക് സ്ഥാനചിഹ്നമായി രണ്ടു മാലകൾ നൽകുകയും രണ്ടാം സ്ഥാനത്ത് ഒഴിച്ചിട്ടിരുന്ന കസേരയിൽ ഉപവിഷ്ടനാക്കുകയും ചെയ്തു.

തുടർന്നു പ. ബാവാ നടത്തിയ അനുമോദന പ്രസംഗത്തിൽ നിയുക്ത ബാവായ്ക്ക് ശ്രേഷ്ഠൻ എന്ന ബഹുമാന നാമം ഉണ്ടായിരിക്കുമെന്നു പ്രഖ്യാപിച്ചത് കരഘോഷത്തോടെ അസ്സോസിയേഷൻ അംഗങ്ങൾ സ്വീകരിച്ചു.

1980– ൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ, തന്റെ പിൻഗാമിക്ക്, ശ്രേഷ്ഠസ്ഥാനം നൽകിയിരുന്നെങ്കിലും സ്ഥാനചിഹ്നമൊന്നും നൽകിയിരുന്നില്ല. അസ്സോസിയേഷനിൽ ഇത് പ്രഖ്യാപിക്കുകയും സ്ഥാനചിഹ്നം അണിയിക്കുകയും ചെയ്തതോടെ നിയുക്ത കാതോലിക്കായുടെ രണ്ടാം സ്ഥാനവും സ്ഥാനചിഹ്നവും ഔദ്യോഗികമായി മാറി. മലങ്കരസഭയിൽ മറ്റു മെത്രാപ്പോലീത്താമാർക്കാർക്കും രണ്ടു മാല ഉപയോഗിക്കാൻ അനുവാദം നൽകിയിട്ടില്ല.

# വാകത്താനത്ത് മേഖലാ കമ്മറ്റി രൂപീകരിച്ചു

ഞാലിയാകുഴി: ഓർത്തഡോക്സ് അൽമായവേദിയുടെ വാകത്താനം മേഖലാ സമ്മേളനം ശ്രീ. പി. വി. സ്കറിയാ പാറയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ കൂടി. മേഖലാ കൺവീനറായി ശ്രീ. ബിജു. പി. മാണിയേയും, കമ്മറ്റി അംഗങ്ങളായി പി. വി. സ്കറിയ, പി. എസ്. സ്കറിയാ, കെ. വി. അലക്സാണ്ടർ, വർഗീസ് റ്റി. ഏബ്രഹാം എന്നിവരെയും തിരഞ്ഞെടുത്തു. ചർച്ചകൾക്ക് അൽമായവേദി ജനറൽ സെക്രട്ടറി തോമസ് ചാണ്ടി, പ്രസിഡന്റ് കെ. വി. ഏബ്രഹാം, സെക്രട്ടറി പീലിപ്പോസ് പോട്ടയ്ക്കാവയലിൽ, പി. എം. ജോർജ് പാറേക്കടവിൽ, കെ. പി. കുറിയാക്കോസ് കാവുങ്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

# സഭയുടെ ഭരണഘടനയിൽ വരുത്തേണ്ട നിർദ്ദിഷ്ട ഭേദഗതികൾ

*(മൂന്നാം പേജിൽ നിന്നും)*

**നിയമിക്കപ്പെടുന്നവരിൽ മൂന്നുപേരിൽ കുറയാതെ മാനേജിംഗ് കമ്മറ്റിക്കാരിൽ നിന്നായിരിക്കേണ്ടതും, ഇങ്ങനെ നിയമിക്കപ്പെടുന്ന അംഗങ്ങൾ അസോസ്യേഷൻ പ്രതിനിധി സ്ഥാനത്തേക്കോ മാനേജിംഗ് കമ്മറ്റിയംഗ സ്ഥാനത്തേയ്ക്കോ അത്തവണ നടന്ന തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടവർ ആയിക്കൂടാത്തതുമാണ്.** ഇങ്ങനെയുള്ള പ്രവർത്തകസമിതി അംഗങ്ങളായി നിയമിക്കപ്പെടുന്നവർ മാനേജിംഗ് കമ്മറ്റി അംഗങ്ങളല്ലാതെ വന്നാൽ അവർ സമിതിയിലെ അംഗങ്ങളായിരിക്കുന്നിടത്തോളം കാലം മാനേജിംഗ് കമ്മറ്റി അംഗങ്ങളായിരിക്കുന്നതാകുന്നു.

90. മലങ്കര മെത്രാപ്പോലീത്തായ്ക്ക് ഒരു അസിസ്റ്റന്റ് മെത്രാപ്പോലീത്താ ഉണ്ടായിരിക്കാവുന്നതും....

**C. സമുദായ ട്രസ്റ്റികൾ**

93. (കൂട്ടിച്ചേർക്കണം) **ഇവരുടെ കാലാവധി അഞ്ചു കൊല്ലം ആയിരിക്കും.**

**7. എപ്പിസ്ക്കോപ്പൽ സിനഡ്**

103. മലങ്കര അസോസ്യേഷനാൽ തെരഞ്ഞെടുക്കപ്പെട്ട് വാഴിക്കപ്പെട്ടിട്ടുള്ള എല്ലാ മേല്പട്ടക്കാരും ഈ സിനഡിലെ അംഗങ്ങളായിരിക്കുന്നതാണ്.

108. ..... ഇതിന്റെ അവസാന തീരുമാനം ആകമാനസുന്നഹദോസിന് ഇരിക്കുന്നതുമാകുന്നു എന്ന ഭാഗം നീക്കം ചെയ്യുക.

**8. പട്ടംകൊട**

**A. ശെമ്മാശന്മാരും കശീശ്ശന്മാരും**

110. വൈദികസ്ഥാനാർത്ഥി ബാച്ചിലർ ഡിഗ്രി പരീക്ഷയെങ്കിലും പാസ്സായവനായിരിക്കണം.

**B. മേല്പട്ടക്കാർ**

112. (കൂട്ടിച്ചേർക്കുക) ഭദ്രാസനഭരണത്തിലുള്ള മേല്പട്ടക്കാർ 75 വയസ്സു പൂർത്തിയാകുമ്പോൾ ഭരണത്തിൽ നിന്ന് ഒഴിയേണ്ടതാണ്. എന്നാൽ സീനിയർ മെത്രാപ്പോലീത്താ എന്ന പദവിയിൽ മേല്പട്ടക്കാർ തുടരുന്നതുമാണ്.

**9. പരാതികളും വിധികളും**

118. ... പരാതി കാതോലിക്കായെപ്പറ്റിയാണെങ്കിൽ **സീനിയർ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ** മലങ്കര എപ്പിസ്കോപ്പൽ സിനഡ് വിധി കല്പ്പിക്കുന്നതുമാകുന്നു. ....

**10. വരുമാനം**

120. ഇരുപത്തിയൊന്നു വയസ്സ് പ്രായം തികഞ്ഞ എല്ലാ പുരുഷന്മാരിൽ നിന്നും **സ്ത്രീകളിൽ നിന്നും ആണ്ടിൽ ഒരു രൂപ വീതം** റിശ്ശീസാ.....

**AKHILA MALANKARA ORTHODOX ALMAYA VEDHI**

(Reg. No. K - 713/2005) **Post Box No. 652, Kottayam 686 001**

**ഫോൺ: 91 093497 54448**

**E-mail: orthodoxalmayavedhi@yahoo.co.in**

**Web: www.malankaraorthodoxalmayavedhi.org**

**അൽമായവേദിയുടെ ആഭിമുഖ്യത്തിൽ ഓൺലൈൻ ഡിസ്ക്കഷൻ ഗ്രൂപ്പ്**

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ ആഭിമുഖ്യത്തിലുള്ള ഓൺലൈൻ ഇ മെയിൽ ഡിസ്ക്കഷൻ ഗ്രൂപ്പായ മലങ്കര ഓർത്തഡോക്സ് നവോത്ഥാനപ്രസ്ഥാന (**Malankara Orthodox Renaissance Movement**) ത്തിൽ മലങ്കര സഭാംഗങ്ങളായ ആർക്കും അംഗങ്ങളായി ചേരാം. തങ്ങളുടെ അഭിപ്രായങ്ങൾ തുറന്ന് എഴുതുവാനും സംശയങ്ങൾ പ്രകടിപ്പിക്കുവാനുമുള്ള അവസരമുണ്ട്.

**To visit Our Online Discussion group (Malankara Orthodox Renaissance Movement) on the web, go to:**
**http://in.groups.yahoo.com/group/MORM/**

**അൽമായവേദിയെ എങ്ങനെ സഹായിയ്ക്കാം?**

1. അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദി എന്ന പ്രസ്ഥാനത്തെയും അതിന്റെ മുഖപത്രമായ 'അൽമായ വേദിയേയും' ഓൺലൈൻ ഡിസ്ക്കഷൻ ഗ്രൂപ്പായ മലങ്കര ഓർത്തഡോക്സ് നവോത്ഥാന പ്രസ്ഥാനത്തെയും പ്രാർത്ഥനയിൽ സ്മരിയ്ക്കുക. 2. അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയിൽ അംഗങ്ങളാകുകയും സജീവമായി പ്രവർ ത്തിയ്ക്കുകയും ചെയ്യുക. 3. അൽമായക്കാർ സ്വയം സംഘടിച്ച് സംഘടനയുടെ യൂണിറ്റുകൾ രൂപീകരിയ്ക്കുക. 4. സംഘടനയുടെ മുഖപത്രമായ അൽമായ വേദി മാസിക പ്രചരിപ്പിയ്ക്കുക. 5. ഓരോ മാസത്തേയും അൽമായവേദി മാസിക സ്പോൺസർ ചെയ്യുക. 6. പരസ്യം, ഉപകാര സ്മരണ, ചരമ വാർഷികം, വിവാഹ വാർഷികം എന്നിവ പ്രസിദ്ധപ്പെടുത്തി മാസികയെ സഹായിയ്ക്കുക. 7. സംഭാവനകൾ നൽകി സംഘടനയെയും മാസികയെയും ശക്തിപ്പെടുത്തുക. 8. സഭയുടെ പുരോഗമനത്തിനുതകുന്ന നിർദ്ദേശങ്ങളും ലേഖനങ്ങളും അയച്ചുതന്ന് സഹകരിയ്ക്കുക.

# യോന ഇപ്പോഴും കപ്പലിൽതന്നെ...

*(ആറാം പേജിൽ നിന്നും)*

മണ്ണിൽ പാർക്കുന്ന സാധുക്കളും സാധാരണക്കാരുമായ മലങ്കരസഭാ മക്കൾ തങ്ങൾ സ്നേഹിക്കുന്ന പള്ളി ഒരു രണഭൂമി ആക്കരുതെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. ഈ സമാധാനാന്തരീക്ഷം ഫാദർ ജോൺസണിനും അനുജനായ സാബുവിനും ഏതു തരം അനീതിയും പ്രവർത്തിക്കുവാനുള്ള പ്രവണതയും സാഹചര്യവും സൃഷ്ടിക്കുന്നതിനൊപ്പം, അവരിലെ നൈസർഗ്ഗീയമായ അന്യായ മനോഭാവവും സടകുടഞ്ഞ് എഴുന്നേറ്റു. ഈ ദാരുണാവസ്ഥയിൽ പരസ്യമായും രഹസ്യമായും പ്രതിഷേധിച്ച ഇടവക ജനങ്ങളെ പരസ്യമായി തന്നെ അപമാനിക്കുകയും ഹീനമായി ഭീഷണിപ്പെടുത്തുകയും ചെയ്തു.

ഫാദർ ജോൺസൺ ഇടവക ഭരണം ഏറ്റെടുത്ത ശേഷം 56 കുടുംബങ്ങൾ സെന്റ് മേരീസ് കത്തീഡ്രലിൽനിന്നു വിടവാങ്ങി മറ്റു സഭകളിലും പള്ളികളിലുമായി ചേക്കേറി. ഇടവക പൊതുയോഗത്തിൽ അച്ചന്റെ സഭയ്ക്കു വിപരീതമായ നിലപാടിനെ ചോദ്യം ചെയ്തപ്പോൾ ഉഗ്രരൂപിണിയായ ഒരു രക്തരക്ഷസിനെപ്പോലെ, അനായാസം അശ്ലീല ഭാഷയിൽ അലറി അടുക്കുകയും ഒരു ഭീകരാന്തരീക്ഷം പരിശുദ്ധമായ ദേവാലയത്തിനുള്ളിൽ സൃഷ്ടിക്കുകയും ചെയ്തു. തന്മൂലം വലിയോരു ജനവിഭാഗം അംഗങ്ങൾ ഇടവകപൊതുയോഗത്തിൽ സംബന്ധിക്കാറില്ല.

ഫാദർ ജോൺസണിനെക്കുറിച്ചുള്ള അനേകംപരാതികൾ ഇടവക ജനങ്ങൾ ഭദ്രാസന മെത്രാപ്പോലീത്തായ്ക്കും പരിശുദ്ധ ബാ വാ തിരുമേനിക്കും സവിനയം സമർപ്പിച്ചെങ്കിലും ഇതുവരേയും നടപടികൾ ഒന്നും തന്നെ കൈക്കൊണ്ടതായി അറിവ് ലഭിച്ചിട്ടില്ല. ശോചനീയവും സ്ഫോടനാത്മകവുമായ ഈ അന്തരീക്ഷം തുടരുകയാണെങ്കിൽ അടുത്തതായി സഭയ്ക്കെതിരെ ഉണ്ടാകുവാൻ പോകുന്ന കേസിനുള്ള സാമ്പത്തിക സഹായവും നിർവിഘ്നം സെന്റ് മേരീസ് കത്തീഡ്രലിൽ നിന്നും ആർക്കും ലഭിക്കുമെന്നുള്ളതും അവ്യക്തമല്ല.

**മാത്യൂസ് പ്രഥമൻ അനുസ്മരണം നവംബർ 12 ന്**

**അൽമായവേദിയുടെ ആഭിമുഖ്യത്തിൽ നവം. 12 ന് ഞായറാഴ്ച നാലു മണിക്ക് പാമ്പാടി വടകര ബിൽഡിംഗിൽ വച്ച് മാത്യൂസ് പ്രഥമൻ അനുസ്മരണവും മേഖലാ സമ്മേളനവും നടക്കും**

**കത്തുകൾ... കത്തുകൾ....**

## അത്മായവേദിയുടെ ആത്മവീര്യം

കഴിഞ്ഞ ജൂലൈയിൽ കോട്ടയത്ത് നാഗമ്പടത്ത് അൽമായവേദിയുടെ ആലോചനായോഗത്തിൽ യാദൃച്ഛികമായി ഞാൻ പങ്കെടുത്തു. അപ്പോൾ അടുത്ത കാതോലിക്കാ ബാവാ 65 വയസ്സിൽ താഴെ ഉള്ള ആളും വടക്കനും ആയിരിക്കണം എന്ന അഭിപ്രായം നിങ്ങളെല്ലാവരും ശരിവച്ചു.

നിർഭാഗ്യമെന്നു പറയട്ടെ, അന്ന് ഞാൻ അവിടെ എത്തിയത് നിങ്ങളുടെ സഹപ്രവർത്തകനും റിട്ട. തഹസീൽദാറുമായിരുന്ന ശ്രീ. കോരകുഞ്ഞിനോടൊപ്പമായിരുന്നു. ആ സഭാസ്നേഹിക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം. അദ്ദേഹത്തിന്റെ ഒരു പടം സ്മരണക്കായി നിങ്ങൾ പ്രസിദ്ധീകരിക്കണം. അന്നത്തെ നിങ്ങളുടെ ഹാജർബുക്കിൽ എന്റെ അഡ്രസ് ഉണ്ട്. എനിക്കും അൽമായവേദി അയച്ചുതരണം. ദൈവീക ഇടപെടൽ നിസ്സാരന്മാരായ അൽമായരിലൂടെയും നടക്കും എന്ന് നിങ്ങളുടെ ദീർഘവീക്ഷണവും മിലിത്തിയോസ് തിരുമേനിയുടെ തിരഞ്ഞെടുപ്പും തെളിയിക്കുന്നു.

**തോമസ് റ്റി. വി., ചുങ്കത്തറ**

അടുത്തകാലത്ത് ചില വൈദികർ പറഞ്ഞു, വിവരംകെട്ട വിമർശകരും, വേദിയും വേതനവും ഇല്ലാത്ത മുടിയൻപുത്രന്മാരുമാണ് അൽമായവേദിക്കാർ എന്ന്. ഇവർക്ക് സഭാപാരമ്പര്യമില്ല, സഭയെപ്പറ്റി അറിയില്ല എന്നും മറ്റും. ഞാനും എന്നെപ്പോലെയുള്ള പലരും അത് വിശ്വസിച്ചുപോയി, സത്യം. പക്ഷേ നിയുക്ത ബാവായുടെ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് വട്ടശ്ശേരിൽ തിരുമേനിയുടെ കബറിങ്കൽ അഖണ്ഡ പ്രാർത്ഥന നടത്തി എന്ന മനോരമയിലെ വാർത്ത വായിച്ചപ്പോൾ, നിങ്ങൾ വിവരമുള്ള അൽമായരാകണം എന്നു ഞാൻ കരുതുന്നു. 12–ാം തീയതിയിലെ അസ്സോസിയേഷനും പുതുപ്പള്ളിയിലെ സ്വീകരണവിജയവും നിങ്ങൾക്കവകാശപ്പെട്ടതു തന്നെ.

**മറിയാമ്മ ഐപ്പ്, കുഴിമറ്റം**

## അസ്സോസിയേഷൻ സപ്ലിമെന്റ്

സഭയുടെ വക പത്രികയുടെ സപ്ലിമെന്റും അൽമായവേദിയുടെ സപ്ലിമെന്റും, പരുമല വച്ച് കിട്ടി. പത്രിക സപ്ലിമെന്റിൽ പരസ്യമുണ്ട്, കളറുണ്ട്. രണ്ടിലേയും മുഖ്യ ലേഖകൻ അൽമായവേദിയുടെ പ്രമുഖ പ്രവർത്തകനായ കുര്യൻ തോമസു തന്നെ. കെട്ടും മട്ടും കടലാസിന്റെ മികവും മെച്ചം തന്നെ. പരുമലയിൽ വീണ്ടുമൊരു അരുണോദയം, മലങ്കര പള്ളിയോഗം ദൈവം നല്കിയ അവസരം എന്നീ മൂന്നു ലേഖനങ്ങളും മൂന്നു തരത്തിൽ ചിന്തനീയം തന്നെ.

വിശ്വാസികൾക്ക് സഭാസംബന്ധമായ പഠനത്തിനും, അൽമായർക്ക് സഭയിലുള്ള സ്ഥാനത്തെക്കുറിച്ചു മനസ്സിലാക്കാനും സഭാചരിത്രവും, ആനുകാലിക സഭാ വിഷയങ്ങളും അറിയുവാനും അൽമായവേദി മുഖം നോക്കാതെ പ്രവർത്തിക്കുന്നത് നിശ്ചയമായും സഭയെ ഉണർത്തും

**ലെജു പി. തോമസ്, പന്തളം**

I would like to bring your kind attention on the following matters. 1. Some of our bishops and priests have started a cold war against the bishops who came from other faction. 2. Among the bishops Mathews Mar Saverious of Kandanad has started an open war. 3. From reliable sources, it is understood that Mannaraprayil achen is leading a group of presists against Militose thirumeni. Fr. M . O. john is very much enjoying the situations. There was a news in Mathrubhumi dated 25/10/06 regarding this. 4. It is understood that, during the time Mathews II Bawa took action against mannaraprayil Achen, he had talks with Joseph Mar Gregorious of the jacobite faction. After the talks Mar Gregorious decleared, some of the priests from orthodox side will join hands with them. I think this was not yet disclosed by anybody. 5. Some of the Achens of south dont like Mar Militose and Mar Athanasius. They are spreading so many neews against them 6. Finally, a news has been spreaded that Yuhanon Mar Militose is very soon shifting the side. I dont know whether it is correct. Sir, I request you to please give some details on it? Why some people including bishops want the blood of these the bishops? Why they are forcing them to go back to other side. Expecting a report or reply from your side.

**Shaju Joseph**, **Media City, Dubai**

**സ്നേഹം, സ്വാതന്ത്ര്യം, പുതിയ മാനവികത**

**ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്**

ദർശനത്തിന്റെ പൂക്കൾ, സ്നേഹത്തിന്റെ സ്വാതന്ത്ര്യം: ഒരു മഹാ രഹസ്യം (ആത്മകഥ), സ്വാതന്ത്ര്യദീപ്തി, യീഹൂദായുടെ സിംഹത്തോടൊപ്പം, മതനിരപേക്ഷത – ഒരു സംവാദം, പാശ്ചാത്യ പ്രബുദ്ധതയും ആധുനികോത്തരതയും എന്നീ ഗ്രന്ഥങ്ങളും 21 പ്രഭാഷണങ്ങളും 15 ലേഖനങ്ങളും. 650 ലധികം പേജുകൾ. വില: 300 രൂപ (ഇന്ത്യയിൽ) വിദേശത്തേക്ക്: $ 10. രജിസ്റ്റേർഡ് പോസ്റ്റേജ് സൗജന്യം. പുസ്തകം തപാലിൽ ലഭിക്കുവാൻ പണം എം. ഒ/ഡ്രാഫ്റ്റ് ആയി അയക്കുക. സോഫിയാ പ്രിന്റ് ഹൗസ്, തെക്കേനട, കോട്ടയം – 686001 ഫോൺ: 91 481 3255054, 99471 20697 SBT CMS College Branch (Code Number 7484) Account Number 5700844115-1. **സ്റ്റേറ്റ് ബാങ്ക് ഗ്രൂപ്പിലുള്ള ഏതു ബാങ്കിന്റെ ഏതു ശാഖയിൽ നിന്നും ഈ അക്കൗണ്ടിലേക്ക് നേരിട്ട് പണം അടയ്ക്കാം.**

സഭയുടെ ഭിത്തിയെ ബലവത്താക്കുവാനും സഭാഗാത്രത്തിന് ശക്തി പകരുവാനുമായി അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരിക്കുന്നത്.
**Almayavedi:** Printed and Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedhi, PB No. 652, Kottayam - 686001,
printed at Sophia Print House, Surya Guest Line, Thekkenada, Kottayam and published from Kottayam. Editor: Philipose Pottakkavayalil